# ക്രിമിനൽ നിയമവ്യവസ്ഥയിലെ ഇടപെടലുകൾ

**'ലൈംഗിക പീഡനങ്ങളെ അതിജീവിച്ച ആളുകളുടെ വഴികാട്ടി'**

ലോയേഴ്സ് കളക്ടീവ് വിമൺ റൈറ്റ്സ് ഇനിഷ്യേറ്റീവ്

# ക്രിമിനൽ നിയമ വ്യവസ്ഥയിലെ ഇടപെടലുകൾ

ലോയേഴ്സ് കളക്ടീവ്, വിമൻ റൈറ്റ്സ് ഇനിഷ്യേറ്റീവ്

LAWYERS COLLECTIVE

| | | |
|---|---|---|
| അവലംബം | : | ബ്രിട്ടീഷ് ഹൈക്കമ്മീഷൻ |
| വിവർത്തനം | : | ശാലു വിജേഷ്, ഗോപിക ഗോവിന്ദൻ |
| | | ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്‌വർക്ക്, കേരള വിഭാഗം |

British Deputy High Commissic Mumbai

LAWYERS COLLECTIVE

HRLN Human Rights Law Network

CULTIVATE PEACE

# ആമുഖം

ലൈംഗീക അതിക്രമങ്ങൾക്കിരയായ അതിജീവിക്കുന്ന വ്യക്തികൾ കുറ്റവാളികൾക്കെതിരെ വ്യവഹാരം നടത്തിക്കൊണ്ടു പോകുന്നത് ക്രിമിനൽ നീതിന്യായ വ്യവസ്ഥ തടയുന്നു. എന്നിരുന്നാലും ഇന്ത്യയിലെ ബലാൽസംഗകേസുകളെ സംബന്ധിച്ച വ്യക്തമായ ഔദ്യോഗിക കണക്കുകൾ ഇനിയും ലഭ്യമല്ല. പല കേസുകളും അതിന്റെ പ്രാരംഭദിശയിൽ തന്നെ കൃത്യമായിപ്പറഞ്ഞാൽ കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്ന സമയത്തുതന്നെ നഷ്ടപ്പെട്ടുപോകുന്നു എന്നതാണ് പഠനങ്ങൾ തെളിയിക്കുന്ന വസ്തുത. തെളിവുകളുടെ അഭാവം മൂലമോ കേസിന്റെ നടത്തിപ്പിലുമുണ്ടാകാവുന്ന കാലതാമസം എന്നിവ മൂലമോ പരാതിക്കാരനായ വ്യക്തി (പ്രോസിക്യൂട്രിക്സ്) കേസിൽ നിന്നും പിന്തിരിയാനും ഇടയാകുന്നു. തന്മൂലം കുറ്റകൃത്യം ലഭിക്കുന്ന ഈ ഘടകങ്ങൾ നീതി നിർവ്വഹണം നടപ്പാക്കുന്നതിലും ഇത് അതിജീവിച്ച ആളുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിലും തടസ്സം വരുത്തുന്നു,

ക്രിമിനൽ നിയമം, POCSO ആക്ട് 2012 പ്രകാരം കുട്ടികൾക്ക് എതിരായി നടക്കുന്ന ലൈംഗിക കുറ്റകൃത്യങ്ങൾ കൃത്യമായി രേഖപ്പെടുത്തിന്നതിന് ഈ ആക്ട് ഭേദഗതി ചെയ്തും പീഡനകുറ്റകൃത്യങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യുക എന്നത് ആശുപത്രികളിൽ നിർബന്ധമാക്കി. എങ്കിലും നിയമപാലകരുടെ നീതി സേവകരുടെയും അസാന്നിദ്ധ്യം മൂലം നീണ്ടുപോകുന്നു. അതുകൊണ്ട് അതിജീവിച്ച ആൾ ക്രിമിനൽ നിയമവ്യവസ്ഥയെ പ്രതി ചില അബദ്ധധാരണകൾ വച്ചു പുലർത്തുന്നതോടൊപ്പം കുറ്റം രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്നു. കുറ്റം രേഖപ്പെടുത്തിയതിനു ശേഷം അന്വേഷണ സമയത്ത് അല്ലെങ്കിൽ വിചാരണ സമയത്ത് കേസന്വേഷണത്തിന്റെ കാലതാമസം, ഒരു ക്രിമിനൽ നിയമവ്യവസ്ഥ - തുടരുന്നതിന് തടസ്സമാകുന്നു.

'ലൈംഗിക പീഡനങ്ങളിൽ നിന്നും അതിജീവിച്ച ആളുകളുടെ വഴികാട്ടി'- ൽ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യങ്ങൾ അവളുടെ കേസിന്റെ വിവിധ ഘട്ടങ്ങളിൽ ലക്ഷ്യത്തിലെത്തിക്കുന്നു. പോലീസിനു മുൻപാകെ കുറ്റം രേഖപ്പെടുത്താതിരിക്കുകയോ കേസ് ഫയൽ ചെയ്യാതിരിക്കുകയോ ആണെങ്കിൽ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള FAQ - ൽ നിന്ന് അവൾക്ക് വൈദ്യസഹായത്തോടെ അല്ലെങ്കിൽ നിയമസഹായത്തോടുകൂടി കുറ്റത്തെ കുറിച്ചുള്ള അറിവ് നേടാവുന്നതാണ്. ഈ രേഖയുടെ അവസാനത്തിൽ വിവിധതരത്തിലുള്ള കുറ്റകൃത്യങ്ങൾ, പീഡനം, ലൈംഗിക കുറ്റകൃത്യങ്ങൾ, നിയമത്തിന്റെ കീഴിൽ വരുന്നതും അതുപോലെ തന്നെ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയെകുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ തന്നെ സ്ത്രീയുടെ അവകാശങ്ങളെകുറിച്ചുള്ള അവബോധവും അതോടൊപ്പം അവൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെപ്പറ്റി റിപ്പോർട്ട് ചെയ്യുവാനും, കേസ് തുടർന്ന് നടത്തി പരിസമാപ്തിയിലെക്കുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇന്ദിര ജയ്സിങ്ങ്
എക്സിക്യൂട്ടീവ് ഡയറക്ടർ
ലോയേഴ്സ് കളക്ടീവ് വുമൻസ്, റൈറ്റ്സ് ഇനിഷ്യേറ്റീവ്.

# കൃതജ്ഞത പ്രദർശനം

ഈ രേഖകൾ ക്രമാത്മകമായി തയ്യാറാക്കിയിരിക്കുന്നത് ശ്രീമതി. ഇന്ദിരാ ജയ്സിങ്ങും, രചിച്ചത് ലോയേഴ്സ് കളക്ടീവ് വുമൻസ് റൈറ്റ്സ് വിഭാഗവുമാണ്.

ക്രിമിനൽ നിയമത്തെക്കുറിച്ചുള്ള പ്രാരംഭകുറിപ്പ് തയ്യാറാക്കിയ അഡ്വക്കേറ്റ് ആർ.ഗോപാലന് പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു.

ശ്രീമതി. ഗായത്രി ശർമ്മയും, ശ്രീമതി. മൊണാലിസയും ലോയേഴ്സ് കലക്ടീവ് വുമൻസ് റൈറ്റ് ഇനിഷ്യേറ്റീവ് - ലുടെ ഈ രേഖയുടെ ഗവേഷണം നടത്തുകയും സംഗ്രഹിക്കുകയും ചെയ്തു. അതേ സമയം, ശ്രീമതി. ബ്രോട്ടോട്ടിദത്ത ശ്രീമതി. ഫിലാരിസ ശർമ നോൻഗ്പിയറും ഈ രേഖ വിജയകരമായി പ്രസിദ്ധീകരിച്ചു. ശ്രീമതി. മയിത്രേയി ഗുപ്ത ക്രിമിനൽ നിയമത്തെക്കുറിച്ചുള്ള ഗവേഷണങ്ങളും ഇതിൽ സമാഹരിച്ചിട്ടുണ്ട്.

വൈദ്യ പരിശോധനയെക്കുറിച്ചും അതിജീവിച്ച ആളുടെ ശരിയായ വൈദ്യ ചികിത്സയെക്കുറിച്ചും ഞങ്ങൾക്ക് നല്ല ഒരു അറിവ് പകർന്നുതന്ന ശ്രീമതി. പത്മ ഡിയോസ്താലിക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

ചുരുങ്ങിയ കാലയളവിൽ ഈ രേഖ ചിട്ടപ്പെടുത്തുവാൻ സഹായിച്ച അദിതി സച്ദേവയ്ക്കും നന്ദി രേഖപ്പെടുത്തുന്നു.

ഈ സമാഹരണം തയ്യാറാക്കിയത് ബ്രിട്ടീഷ് ഹൈകമ്മീഷന്റെ ധനസഹായത്തോടുകൂടിയാണ്. സീനിയർ വക്കീൽ റബേക്ക മാമൻ ജോൺ, സീനിയർ അഭിഭാഷകൻ, സർക്കാർ അഭിഭാഷകൻ ശ്രീ. ഇജാസ് ഖാൻ, സ്റ്റാൻന്റിംഗ് കൗൺസിൽ ഫോർ ദ സ്റ്റേറ്റ് ഓഫ് തമിൾനാടു ആൻഡ് കൗൺസിൽ സി.ബി.ഐ. ശ്രീ. സുബ്രഹ്മണ്യ പ്രസാദ് എന്നിവർ അവരുടെ വിലപ്പെട്ട സമയം, ഈ രേഖയെകുറിച്ചുള്ള അവലോകനം ചെയ്യുന്നതിന് നിയമപരമായ തെറ്റുകൾ തിരുത്തുന്നതിനും സഹായിച്ച ഇവർക്കുള്ള പ്രത്യേക നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

ലോയേഴ്സ് കളക്ടീവ് ഇനിഷ്യേറ്റീവിന്റെ എല്ലാ ടീം അംഗങ്ങളുടെ സഹായ സഹകരണങ്ങൾക്കും പിൻതുണയ്ക്കും നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പം **LCWRI** - ൽ ഇന്റേൺഷിപ്പ് ചെയ്ത രാഹുൽ ബജാജിനും ശ്രീമതി അരുദ്ധതി ഗോപാലിനും, പ്രത്യേക നന്ദി അറിയിക്കുന്നു.

ഈ പുസ്തകത്തിന്റെ മലയാള വിവർത്തനം എന്ന ഉദ്യമം ഏറ്റെടുത്ത് വിജയകരമായി പൂർത്തീകരിച്ച ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്വർക്ക് കേരള വിഭാഗത്തിനും ഡയറക്ടർ അഡ്വ. സന്ധ്യാരാജുവിനും നന്ദിയറിയിക്കുന്നു. പുസ്തകത്തിന്റെ വിവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മിസ് പ്രെറ്റി റെയ്ച്ചൽ കോശി, മിസ്. ശാലു വിജേഷ്, മിസ്. ഗോപിക ഗോവിന്ദൻ എന്നിവർക്കും പുസ്തകത്തിന്റെ തെറ്റുതിരുത്തുന്നതിനു സഹായിച്ച അഡ്വ. പ്രീത കെ.കെ. പ്രത്യേകമായ നന്ദിയറിയിക്കുന്നു.

ഈ സംരംഭത്തിൽ സഹകരിച്ച് പ്രവർത്തിച്ച എച്ച്.ആർ.എൽ.എൻ. - ൽ ഇന്റേൺഷിപ്പ് ചെയ്ത വിദ്യാർത്ഥികളായ മേരി നീതു, റിയ ജോസ്, അരുന്ധതി എസ്., റോസ് മേരി, റാഫേൽ, അശ്വനി, മേരി ഡയാന, അലിഷ പോൾ എന്നിവർക്കും നന്ദിയറിയിക്കുന്നു. ഈ ഉദ്യമത്തിൽ ഞങ്ങൾക്ക് സഹായസഹകരണങ്ങൾ നൽകിയ കൾച്ചറൽ അക്കാദമി ഫോർ പീസ് എറണാകുളം - ത്തിന് നന്ദിയറിയിക്കുന്നു.

# ഉള്ളടക്കം

## മുഖവുര / ആമുഖം


1. ബലാൽസംഗം / ലൈംഗികാതിക്രമം പരിധിയിൽ എന്തെല്ലാം വരുന്നു?
2. മനഃപൂർവ്വവും അല്ലാതെയുമുള്ള കുറ്റകൃത്യങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ത്?
3. ജാമ്യമുള്ളതും ജാമ്യമില്ലാത്തതുമായ കുറ്റകൃത്യങ്ങൾ തമ്മിലുള്ള വ്യത്യസമെന്ത്?
4. ലൈംഗികാതിക്രമം നിർബന്ധമായും പോലീസിനെ അറിയിക്കേണ്ട കുറ്റമാണോ?
5. ഞാൻ എങ്ങനെ ഒരു കുറ്റം റിപ്പോർട്ട് ചെയ്യും
6. എന്താണ് പ്രഥമ വിവരം റിപ്പോർട്ട് (FIR)?
7. ഞാൻ എങ്ങനെ ഒരു പ്രഥമ വിവരം രജിസ്റ്റർ ചെയ്യും?
8. പ്രഥമ വിവര റിപ്പോർട്ടിൽ എന്തെല്ലാം വിവരങ്ങൾ ഉൾക്കൊള്ളിക്കണം?
9. പ്രഥമ വിവര റിപ്പോർട്ട് നൽകിയശേഷം എനിക്ക് കൂടുതൽ വിവരങ്ങൾ പോലീസിനു നൽകാമോ?
10. അടിയന്തിരമായി പോലീസ് സഹായം ലഭ്യമാകാൻ കഴിയാത്തപക്ഷം എനിക്ക് ഏന്തു മുൻകരുതൽ എടുക്കാം?
11. എനിക്കെതിരെയുണ്ടായ ഓരോ അതിക്രമത്തിനു പ്രത്യേകം പ്രഥമ വിവര റിപ്പോർട്ട് നൽകേണ്ടതുണ്ടോ?
12. പോലീസ് പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്നില്ലെങ്കിൽ എനിക്ക് എന്തു ചെയ്യാൻ കഴിയും?
13. ഞാൻ എങ്ങനെ ഒരു വ്യക്തിഗത പരാതി നൽകും?
14. കേസ് അവസാനിപ്പിക്കുന്നതിനായി പോലീസ് റിപ്പോർട്ട് ചെയ്താൽ എനിക്ക് എന്തു ചെയ്യാൻ കഴിയും?
15. അന്വേഷണ ഘട്ടത്തിൽ പോലീസ് എന്ത് ചെയ്യും?
16. കേസ് തുടരുമ്പോൾ തന്നെ എനിക്ക് വൈദ്യപരിശോധനയ്ക്ക് വിധേയമാകാതിരിക്കാമോ?
17. വൈദ്യ പരിശോധനയിൽ തെളിവെടുപ്പ് സംബന്ധമായി എന്തു സംഭവിക്കും?
18. എനിക്ക് കേസ് ഫയൽ ചെയ്യാതെ വൈദ്യ പരിശോധന ലഭിക്കുവാൻ സാദ്ധ്യമാണോ?
19. അന്വേഷണം പൂർത്തിയായശേഷം അടുത്ത പടി എന്താണ്?
20. എനിക്ക് ഒരു വക്കീലിനെ വെയ്ക്കാൻ കഴിയില്ല. ഞാൻ എന്തു ചെയ്യും?
21. എനിക്ക് ചോദ്യം ചെയ്യാവുന്ന ഉത്തരവുകൾ ഏന്തെല്ലാം?
22. പബ്ലിക് പ്രോസിക്യൂട്ടറുടെ പങ്ക്?
23. കുറ്റം തെളിയിക്കപ്പെട്ടശേഷം വിധി ന്യായം?
24. കുട്ടി സാക്ഷികൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണന ഉണ്ടോ?
25. സ്വന്തം ഭർത്താവിനാൽ ബലാൽസംഗം ചെയ്യപ്പെട്ട ഒരു മുതിർന്ന സ്ത്രീയാണ് ഞാൻ. ഗാർഹിക പീഢന നിരോധന നിയമം 2005 പ്രകാരം എന്റെ അവകാശങ്ങൾ എന്തെല്ലാം?

പട്ടിക 1 - 1860 ഇന്ത്യൻ പീനൽ കോഡിൽ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളും ശിക്ഷകളും

പട്ടിക 2 - ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ടിൽ ഉൾപ്പെടുന്ന കുറ്റങ്ങളും ശിക്ഷകളും

പട്ടിക 3 - ഗാർഹിക പീഢനത്തിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള തക്കതായ വ്യവസ്ഥ ആക്ട് 2005

## 1. എന്തെല്ലാം പ്രവർത്തികൾ ബലാൽസംഗം അഥവാ ലൈംഗികാതിക്രമത്തിന്റെ പരിധിയിൽ വരുന്നു?

ക്രിമിനൽ നിയമം (പരിഷ്ക്കരിച്ചത് 2013 (CLA Act) നിലവിൽ വരുന്നതിനു മുമ്പ് യോനിയിൽ പുരുഷലിംഗം കടത്തുന്നതിനെ മാത്രമെ, ഇന്ത്യൻ ശിക്ഷാ നിയമം 376-ാം വകുപ്പു പ്രകാരം ബലാൽസംഗമായി കണക്കാക്കപ്പെട്ടിരുന്നുള്ളൂ.

2013-ൽ പ്രസ്തുത നിയമത്തിന്റെ പരിഷ്ക്കരണത്തിനുശേഷം ബലാൽസംഗം യോനിയിൽ പുരുഷലിംഗം കടത്തുന്നതിൽ മാത്രം ഒതുങ്ങുന്നില്ല.

താഴെപ്പറയുന്ന ഏതു പ്രവൃത്തിയും സ്ത്രീയുടെ പൂർണ്ണ സമ്മതത്തോടെയല്ലാതെ ചെയ്താൽ അത് ബലാൽസംഗമായി കണക്കാക്കപ്പെടും.

- പുരുഷലിംഗം സ്ത്രീയുടെ യോനി. വായ്, മൂത്രനാളി, ആസനം എന്നിവയിൽ കടത്തുക
- ഏതെങ്കിലും വസ്തുവോ, ശരീരത്തിന്റെ ഏതെങ്കിലും ഭാഗമോ യോനി, മൂത്രനാളി, ഗുദം എന്നിവയിൽ കടത്തുക (ഉദാ: സ്ത്രീയുടെ യോനിയിൽ വിരൽ കടത്തിക).
- ഒരു സ്ത്രീയെ അവളുടെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം ദുരുപയോഗം ചെയ്യാൻ പ്രേരിപ്പിക്കുകയോ മൂത്രനാളി, യോനി അല്ലെങ്കിൽ ആസനം എന്നിവയിൽ പുരുഷലിംഗം കടത്തുക അല്ലെങ്കിൽ വേറൊരു വ്യക്തി അവളുടെ മേൽ മേൽപ്പറഞ്ഞ പ്രകാരം ചെയ്യുകയോ ചെയ്താൽ അതിനെ ബലാൽസംഗം എന്നു പറയും (ഉദാഹരണമായി ഒരു സ്ത്രീയെ അവളുടെ മൂത്രനാളിയിലോ, യോനിയിലോ ആസനത്തിലോ വിരൽ കടത്തുവാൻ പ്രേരിപ്പിക്കുകയോ അല്ലെങ്കിൽ മറ്റൊരു വ്യക്തിക്ക് അങ്ങനെ ചെയ്യാൻ പ്രേരിപ്പിക്കുകയോ
- സ്ത്രീയുടെ യോനി, മൂത്രനാളി, മലദ്വാരം എന്നിവയിൽ വായ് ഉപയോഗിക്കുക അഥവാ ബലപ്രയോഗത്തിലൂടെ സ്ത്രീയുടെ വായ, കുറ്റം ചെയ്ത ആളിനോ, മറ്റാർക്കെങ്കിലും വേണ്ടിയോ ഉപയോഗിക്കുകയോ ചെയ്താൽ അതിനെ ബലാൽസംഗം എന്നു പറയും.

### ബലാൽസംഗം അല്ലാത്ത മറ്റ് ലൈംഗികാതിക്രമങ്ങൾ

2013-ലെ മുൻഗണന "ഒരു സ്ത്രീയുടെ അന്തസ്സ് കളങ്കപ്പെടുത്തുന്നത്" ഇതിൽ സ്ത്രീകൾക്ക് എതിരായുള്ള എല്ലാ ലൈംഗീക അതിക്രമ ങ്ങളും പെടുന്നു. എന്നിരുന്നാലും CLA ആക്ട് പുതുതായി കുറച്ച് പ്രത്യേകമായ ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ലൈംഗിക ആക്രമണം ഒരു സ്ത്രീയെ നശിപ്പിക്കണം എന്ന ഉദ്ദേശത്തോടുകൂടി അവരിലേക്ക് ബലപ്രയോഗം നടത്തുന്നത്, ഒരു സ്ത്രീ സ്വകാര്യമായ കാര്യങ്ങൾ ചെയ്യുമ്പോൾ അത് വീക്ഷിക്കുന്നത്, ഒരു സ്ത്രീയെ ശല്യം ചെയ്യുന്നത്, ഇതൊക്കെയാണ് പുതു

തായി ഉൾപ്പെടുത്തിയിട്ടുള്ള കുറ്റകൃത്യങ്ങൾ (ഐ.പി.സി.യുടെ കീഴിലുള്ള എല്ലാ ലൈംഗീക കുറ്റകൃത്യങ്ങളുടെ പട്ടിക - 1ൽ നോക്കുക).

**പ്രത്യേക ശ്രദ്ധയ്ക്ക്**

- ബലാൽസംഗം എന്നത് പുരുഷലിംഗം കടത്തുക എന്നതാണ്. (ഉദാ: സമ്മതത്തോടെയല്ലാതെ യോനി മുഖത്ത് സ്പർശിക്കുക എന്നത് ബലാൽസംഗമല്ല പക്ഷേ അത് ഒരു പ്രത്യേക ലൈംഗികാതിക്രമമാണ്.)
- ബലപ്രയോഗത്തിലൂടെയല്ലാതെ പുരുഷലിംഗം കടത്തുന്നതു തന്നെ ബലാൽസംഗമായി കണക്കാക്കപ്പെടുന്നു. എത്ര ആഴത്തിൽ ആണ് ഉണ്ടായത് എന്നത് അപ്രസക്തമാണ്.
- പുരുഷലിംഗം യോനിയിൽ കടത്തുന്നതുകൊണ്ട് കന്യാചർമ്മത്തിനു കേടു വരുന്നില്ല എങ്കിലും ബലാൽസംഗമാകാതിരിക്കുന്നില്ല.
- ഇൻഡ്യൻ പീനൽ കോഡ് IPC പ്രകാരം ഗാർഹിക പീഢനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ആക്ട് 2005-ന്റെ കീഴിൽ ഒരു പീഢിതയായ ഭാര്യയ്ക്ക് ലൈംഗിക പീഢനത്തിന്റെ പേരിൽ സിവിൽ കേസ് കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട് 2012 പ്രകാരം 15-ഉം 18-ഉം ഇടയിൽ പ്രായം വരുന്ന കുട്ടികൾക്കും കേസ് കൊടുക്കാവുന്നതാണ് (പട്ടിക 2ഉം 3ഉം കാണുക).
- ഐ.പി.സി.യുടെ 376 വകുപ്പ് പ്രകാരം നിയമപരമായി പിരിഞ്ഞിരിക്കുന്ന ദമ്പതിമാരിൽ, ഭർത്താവ് ഭാര്യയുടെ സമ്മതമില്ലാതെ ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ അത് കുറ്റകരമാണ്; അതുകൊണ്ടു തന്നെ, നിങ്ങൾ നിങ്ങളുടെ ഭർത്താവുമായി പിരിഞ്ഞു ജീവിക്കുകയാണെങ്കിൽ (നിയമപരമോ, അല്ലാതെയോ) നിങ്ങളെ ഭർത്താവ് പീഢിക്കുകയാണെങ്കിൽ അയാൾ IPC യുടെ 376B വകുപ്പ് പ്രകാരം കുറ്റകരമാണ്.

2012-ൽ പതിനെട്ടു വയസ്സിൽ താഴെയുള്ള കുട്ടികൾക്കുവേണ്ടി ഒരു പ്രത്യേക നിയമം - ("ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2012") POCSO ആക്ട് നിലവിൽ വന്നു.

**പ്രത്യേകമായും:-**

- **POCSO നിയമം ലിംഗപരമായി നിഷ്പക്ഷമാണ്.** ഐ.പി.സി.യിൽ പ്രതിപാദിച്ചിട്ടുള്ള ലൈംഗീക കുറ്റകൃത്യങ്ങൾ ലിംഗപരമായി വളരെ പ്രധാനപ്പെട്ടതാണ്. ഈ വ്യവസ്ഥകൾ (377 ഒഴികെയുള്ള) അതിക്രമിക്കുന്നവൻ പുരുഷനാകുകയും സ്ത്രീകൾ ഇരയാ

കുകയും ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് മാത്രമെ നൽകുവാൻ സാധ്യമാകുകയുള്ളൂ, ഇതിൽ നിന്നും വ്യത്യസ്തമായി പോക്സോ നിയമം ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുപോലെ ലൈംഗിക അതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്നു (പോക്സോ നിയമത്തിന്റ് കീഴിൽ വരുന്ന കുറ്റകൃത്യങ്ങളുടെ നിര പട്ടിക 2 – ൽ നോക്കുക.)

- **പോക്സോ നിമയത്തിന്റെ കീഴിൽ വരുന്ന കേസ്സുകളിൽ കുട്ടിയുടെ സമ്മതം അപ്രസക്തമാണ്.**
- **പോക്സോ ആക്ട്, അതിജീവിച്ച കുട്ടികൾക്കും മുതിർന്ന കുറ്റക്കാർക്കും മാത്രമാണ് ബാധകം.** ഇതിൽ പറയുന്നത്, ഏതെങ്കിലും രണ്ട് കുട്ടികൾ തമ്മിൽ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയോ, അല്ലെങ്കിൽ ഒരു കുട്ടി ഒരു മുതിർന്ന ആളിൽ ലൈംഗിക അതിക്രമം ചെയ്യുകയാണെങ്കിൽ, ജൂവനൈൽ ജസ്റ്റിസ് നിയമം 2000 (കുട്ടികൾക്കായുള്ള സംരക്ഷണം) പ്രകാരമുള്ള നിയമവ്യവസ്ഥകൾക്ക് ബാധകമാണ്.
- **പോസ്കോ നിയമപ്രകാരം സ്ത്രീയും പുരുഷനും കുറ്റക്കാരാകാവുന്നതാണ് വകുപ്പ് 3:–** ഒരു വ്യക്തി ലൈംഗീക അതിക്രമം ചെയ്തു എന്നു പറയുന്നത് (a) അയാൾ ലിംഗം കൂട്ടിയുടെ യോനിയിൽ പ്രവേശിപ്പിക്കുക, വായിലോ, ഗുഹ്യഭാഗത്തോ പ്രവേശിപ്പിക്കുക,, അല്ലെങ്കിൽ കുട്ടിയെകൊണ്ട് അങ്ങിനെ ചെയ്യിക്കുക, അല്ലെങ്കിൽ മറ്റൊരാളോടൊത്ത് ചെയ്യിക്കുക.
- മറ്റു വ്യക്തി എന്ന പദം Sec 3 (a) വിവരിക്കുന്നു. സ്ത്രീയും കുറ്റവാളിയോ അല്ലെങ്കിൽ Sec 3 (a) രണ്ടാം ഘട്ടം അനുസരിച്ച് ഇരയുമാവാം.
- Sec 5 (i) ആരു തന്നെ ആയാലും, ഒരു കുട്ടിയുടെ മേലിൽ തീക്ഷ്ണമായ ലൈംഗിക അതിക്രമം കാണിക്കുന്നത്.

  (ii) അങ്ങനെയെങ്കിൽ, ഒരു പെൺകുട്ടി ബലാത്സംഗത്തിന് ഇരയായാൽ, ആ പെൺകുട്ടി ഗർഭം ധരിച്ചാൽ അതിന്റെ അനന്തരഫലം ഈ സെക്ഷനിൽ പറയുന്നു.

  അങ്ങനെയെങ്കിൽ ഈ രണ്ട് കുറ്റകൃത്യങ്ങളിലും സ്ത്രീകൾ കുറ്റക്കാരായി തന്നെ പോക്സോ ആക്ട് പ്രകാരം Sec 16 ൽ ഉൾപ്പെടുത്തുന്നു.

2. **കോഗ്നൈസബിൾ, നോൺ – കോഗ്നൈസബിൾ കേസ്സുകൾ തമ്മിലുള്ള വ്യത്യാസം?**

കോഗ്നൈസബിൾ കുറ്റത്തിന്റെ പരിധിയിൽ വരുന്ന കേസ്സുകളിൽ മജിസ്ട്രേറ്റിന്റെ നിർദ്ദേശമില്ലാതെ തന്നെ പോലീസിന് അന്വേഷണം നടത്താവുന്നതാണ്. Cr.PC, 1973 (ക്രിമിനൽ പ്രൊസിഡിയർ കോഡ്) 155 ഉപവകുപ്പ് 2 പ്രകാരം കോഗ്നൈസബിൾ കുറ്റം ചെയ്ത കേസ്സുകളിൽ നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റിന്റെ മതിയായ അനുവാദത്തോടുകൂടി മാത്രമേ അന്വേഷണം ആരംഭിക്കാവൂ. ഉദാ: വകുപ്പ് 166B IPC പ്രകാരം ബലാൽസംഗത്തിന് ഇരയായ വ്യക്തിക്ക് ചികിത്സ ലഭ്യമാക്കാതിരിക്കുന്നത് നോൺ കോഗ്നൈസബിൾ കുറ്റമാണ്. എന്നാൽ വാറണ്ട് ഇല്ലാതെ പോലീ

സിന് ആശുപത്രി അധികാരിയെ അറസ്റ്റ് ചെയ്യാൻ പാടുള്ളതല്ല.

Cr.PC ഒന്നാം പട്ടിക പ്രകാരം IPC (ഇന്ത്യൻ പീനൽ കോഡ്)ന്റെ കീഴിൽ കുറ്റങ്ങളെ കോഗ്നൈസബിൾ എന്നും, നോൺ കോഗ്നൈസബിൾ എന്നും തരം തിരിച്ചിരിക്കുന്നു.

Cr.PC 154 - ാം വകുപ്പ് പ്രകാരം പോലീസിന് ലഭ്യമാകുന്ന വിവരത്തിൽ കോഗ്നൈസബിൾ കുറ്റം ചെയ്തതായി തോന്നുന്ന രീതിയിൽ തെളിവുകൾ ഉണ്ടെങ്കിൽ പ്രഥമ വിവര റിപ്പോർട്ട് (FIR) നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്.

(Lalitha Kumari V. Government of UP & Others 2013) 13 Scale 559)

<u>ബലാൽസംഗം കോഗ്നൈസബിൾ കുറ്റമാണ്. ആയതിനാൽ മജിസ്ട്രേറ്റിന്റെ നിർദ്ദേശമില്ലാതെ തന്നെ പ്രഥമ വിവര റിപ്പോർട്ട് (FIR) രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്.</u>

3. **ജാമ്യമുള്ളതും ജാമ്യമില്ലാത്തതുമായ കുറ്റങ്ങൾ തമ്മിലുള്ള വ്യത്യാസം എന്ത്?**

IPC യുടെ പരിധിയിൽ വരുന്ന കുറ്റങ്ങളെ Cr.PC ഒന്നാം പട്ടിക ജാമ്യം ലഭിക്കുന്നതും ജാമ്യമില്ലാത്തതും ആയി തരം തിരിച്ചിരിക്കുന്നു.

ഒരു പോലീസ് ഉദ്യോഗസ്ഥന് ജാമ്യം ലഭിക്കാവുന്ന കേസ്സിൽ ജാമ്യം അനുവദിക്കാവുന്നതാണ്. എന്നാൽ ജാമ്യ സാദ്ധ്യതയില്ലാത്ത കുറ്റത്തിൽ അനുബന്ധ കോടതിയ്ക്കു മാത്രമെ ജാമ്യം അനുവദിക്കുവാൻ അധികാരമുള്ളൂ.

സാധാരണയായി മൂന്നു വർഷം വരെ തടവു ലഭിക്കാവുന്ന കുറ്റങ്ങൾ ജാമ്യ സാദ്ധ്യതയുള്ളവയായി കണക്കാക്കുന്നു.

ബലാൽസംഗം ജാമ്യമില്ലാത്ത കുറ്റമാണ്.

4. **ലൈംഗികാതിക്രമം നിർബന്ധമായും പോലീസിനെ അറിയിക്കേണ്ട കുറ്റമാണോ?**

POCSO ആക്ട് 19(1) വകുപ്പ് പ്രകാരം കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ ഏതൊരു വ്യക്തിയും ലോക്കൽ പോലീസിനെയോ, അല്ലെങ്കിൽ കുട്ടികൾക്ക് വേണ്ടി പ്രത്യേകമായി നിയോഗിക്കപ്പെട്ട പോലീസ് യൂണിറ്റിനെയോ (Special Juvenile Police Unit-SJPU) നിർബന്ധമായും അറിയിക്കേണ്ടതാണ്.

എന്നാൽ പ്രായപൂർത്തിയായ ഒരു സ്ത്രീ നേരിടേണ്ടി വന്ന ലൈംഗികാതിക്രമം അല്ലെങ്കിൽ ബലാൽസംഗം ഏതൊരു വ്യക്തിയും പോലീസിനെ നിർബന്ധമായും അറിയിക്കേണ്ടതില്ല.

5. **ഞാൻ എങ്ങനെ ഒരു കുറ്റം റിപ്പോർട്ട് ചെയ്യും?**

പ്രഥമ വിവര റിപ്പോർട്ട് (FIR) രജിസ്റ്റർ ചെയ്യുന്നതിലൂടെ ഒരു കുറ്റം നിങ്ങൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

ഒരു കുട്ടിക്കോ, കുട്ടികൾക്കോ എതിരെയുള്ള ലൈംഗികാതിക്രമം സംബന്ധിച്ച വിവരങ്ങൾ POCSO ആക്ട് 19(1) വകുപ്പ് പ്രകാരം ലോക്കൽ പോലീസിനെയോ ടഖജഡവിനെയോ അറിയിക്കേണ്ടതാണ്.

6. **എന്താണ് പ്രഥമ വിവര റിപ്പോർട്ട് (എകഞ)?**

Cr.PC 154-ാം വകുപ്പ് പ്രകാരം ബോധപൂർവ്വം ചെയ്ത കുറ്റം സംബന്ധിച്ച് ഏതൊരാളും പോലീസിന് നൽകുന്ന പ്രഥമ വിവരങ്ങളാണ് പ്രഥമ വിവര റിപ്പോർട്ട് (FIR). ഇത് എഴുതിയോ വാമൊഴിയായോ ഒരു പോലീസ് ഉദ്യോഗസ്ഥന് മുമ്പാകെ നൽകാവുന്നതാണ്. ഈ വിവരങ്ങൾ നൽകിയ ശേഷം പ്രസ്തുത വ്യക്തി പ്രഥമ വിവര റിപ്പോർട്ടിൽ ഒപ്പിടേണ്ടതാണ്.

ചെയ്ത കുറ്റം സംബന്ധിച്ചുള്ള വസ്തുതകൾ അടങ്ങിയ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്നതിനായി പോലീസിന് നൽകേണ്ടതാണ്. പ്രഥമ വിവര റിപ്പോർട്ട് (FIR) രജിസ്റ്റർ ചെയ്തതിനുശേഷം പോലീസിന് കേസ്സിൽ നിയമാനുസൃതമായി അന്വേഷണം തുടങ്ങാവുന്നതാണ്.

7. **ഞാൻ എങ്ങനെ ഒരു പ്രഥമ വിവര റിപ്പോർട്ട് (FIR) രജിസ്റ്റർ ചെയ്യും?**

താഴെപ്പറയുന്ന പ്രകാരം പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

സാധ്യമെങ്കിൽ പീഢനത്തിനിരയായ വ്യക്തിതന്നെ, നിയമാനുസൃതമായി ബോധപൂർവ്വമുള്ള കുറ്റം ചെയ്തത് സംബന്ധിച്ച് മതിയായ അറിവുള്ള ഏതൊരാൾക്കും പ്രഥമ വിവര റിപ്പോർട്ട് നൽകാവുന്നതാണ്.

**കേട്ടുകേൾവി, കിംവദന്തി മുതലായവ മതിയായ വിവരങ്ങളായി കണക്കാക്കപ്പെടുന്നില്ല.**

ഒരു കേസ്സിൽ സാധാരണയായി ഒരു പ്രഥമ വിവര റിപ്പോർട്ടു മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ. അതിന്റെ ഉള്ളടക്കം കേസ് വിസ്താരത്തെ ബലപ്പെടുത്താൻ ഉതകുന്നതാണ്. അതിനാൽ പീഢനത്തിനിരയായ വ്യക്തി തന്നെ പ്രഥമ വിവര റിപ്പോർട്ട് നൽകുന്നതിലൂടെ പ്രസക്തമായ മുഴുവൻ വിവരങ്ങളും വസ്തുതകളും നൽകാൻ സഹായകമാകും.

**പോലീസിനെ സമീപിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക**:

ലൈംഗിക കുറ്റകൃത്യങ്ങളുടെ പ്രഥമ വിവര റിപ്പോർട്ട് നൽകാനുള്ള കാലതാമസം കേസിനെ അസാധുവാക്കുന്നില്ല. എന്നാൽ അത്തരം കുറ്റകൃത്യങ്ങൾ നടന്ന് എത്രയും പെട്ടെന്ന് പോലീസിനെ സമീപിക്കുന്നതാണ് അഭികാമ്യം. പ്രഥമ വിവര റിപ്പോർട്ട് നൽകുന്നതിന് കാലതാമസം നേരിട്ടാൽ അതിന്റെ കാരണം പോലീസിനെ അറിയിക്കേണ്ടതാണ്. എന്നാൽ എത്രയും പെട്ടെന്ന് പ്രസ്തുത കുറ്റകൃത്യത്തെ സംബന്ധിച്ച വിവരങ്ങൾ പോലീസിനെ അറിയിക്കുന്നത് കേസ്സിനെ ബലപ്പെടുത്തും.

**അനുപേക്ഷണീയമായ പ്രഥമ വിവര റിപ്പോർട്ട്:**

കോഗ്നൈസബിൾ കുറ്റകൃത്യത്തിൽ പോലീസിന് നിർബന്ധമായും പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. കോഗ്നൈസബിൾ അല്ലെങ്കിൽ നോൺ കോഗ്നൈസബിൾ കുറ്റകൃത്യങ്ങളിൽ നൽകിയ വിവരങ്ങളിലുള്ള അവ്യക്തത മാത്രമെ പോലീസിന്റെ പ്രാഥമിക അന്വേഷണത്തെ പരിമിതപ്പെടുത്തുന്നുള്ളൂ. അതിനുശേഷം, അത്തരം അന്വേഷണത്തെ കേസ്സിന്റെ ശരി തെറ്റുകളെ നിർണ്ണയിക്കാതെ പ്രസ്തുത വിവരങ്ങൾ പ്രകാരം കുറ്റം ബോധപൂർവ്വമോ അല്ലാതെയോ ചെയ്തത് എന്ന് നിശ്ചയിക്കുന്നതിനും മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഇതിനുപറമെ IPC യുടെ പുതിയ വകുപ്പ് 166A (CL A പ്രകാരം ചേർക്കപ്പെട്ടത്) ഏതെങ്കിലും പോലീസ് ഓഫീസറോ പൊതു പ്രവർത്തകനോ 326A, 326B, 356, 354B, 376, 376A, 376B, 376C, 376D, 376E, 509E, IPC വകുപ്പുകൾ പ്രകാരമുള്ള കേസ്സുകളിൽ പ്രഥമ വിവര റിപ്പോർട്ട് രേഖപ്പെടുത്താതിരിക്കുകയോ അതിനു ശ്രമിക്കുകയോ ചെയ്താൽ ആറു മാസം മുതൽ രണ്ടു വർഷം വരെ തടവും പിഴയും കൂടിയ ശിക്ഷ ലഭിക്കുന്ന കുറ്റമാണ്.

**ഏതു വകുപ്പ് പ്രകാരമുള്ള കുറ്റമാണ് ചെയ്തത് എന്ന് നിങ്ങൾക്ക് അറിയില്ല എങ്കിലും പോലീസിനെ അറിയിക്കുക:**

നിങ്ങൾക്ക് നേരിടേണ്ടി വന്ന പീഢനം സംബന്ധിച്ച വകുപ്പുകൾ, നിയമസാധ്യത, ശിക്ഷാ നടപടികൾ എന്നിവയെപ്പറ്റി അറിയാൻ കാത്തു നിൽക്കാതെ പ്രസ്തുത പീഢന വിവരം ലോക്കൽ പോലീസിനെ അറിയിക്കുക. അവർ കുറ്റം സംബന്ധിയായ വകുപ്പുകളും, അവയുടെ വിശദാംശങ്ങളും അതോടൊപ്പം ചേർത്തുകൊള്ളും.

**അടിയന്തിര ഘട്ടങ്ങളിൽ കുറ്റം നോൺ കോഗ്നൈസബിൾ ആണോ അല്ലയോ എന്ന് നിങ്ങൾ അറിയേണ്ടതില്ല:**

പോലീസിനെ അറിയിക്കുന്നതിനു മുമ്പ് കുറ്റം ബോധപൂർവ്വമാണോ ചെയ്തത് എന്ന് നിങ്ങൾ അറിയേണ്ടതില്ല. എന്നാൽ ബോധപൂർവ്വം ചെയ്ത കുറ്റം സംബന്ധിച്ച് വിവരം ലഭിച്ചാലുടൻ തന്നെ പോലീസ് അന്വേഷണം ആരംഭിക്കേണ്ടതാണ്. നിയമം അനുവദിക്കുമെങ്കിൽ നിങ്ങൾ പ്രസ്തുത വിവരം എഴുതി പോലീസിനു നൽകുക. അങ്ങനെ എഴുതി നൽകുമ്പോൾ എഴുതി നൽകുന്ന പരാതിയുടെ ഒരു കോപ്പിയിൽ, പ്രസ്തുത വിവരങ്ങൾ എഴുതിയ പരാതി ലഭിച്ചു എന്ന് എഴുതി വാങ്ങുക. അത് ഭാവിയിൽ പ്രസ്തുത വിവരങ്ങൾ ലഭിച്ചത് സംബന്ധിച്ച് തർക്കങ്ങൾ ഒഴിവാക്കാൻ സാധിക്കും.

അത്യാവശ്യ ഘട്ടങ്ങളിൽ ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ സഹായം തേടാം. അടിയന്തിര ഘട്ടങ്ങളിൽ, കുറ്റം നടന്നത് അതിന്റെ പരിധിയിൽ അല്ലെങ്കിൽ കൂടി ഏറ്റവും അടുത്ത പോലീസ് സ്റ്റേഷനിൽ സമീപിക്കാവുന്നതാണ്. (ഇതിനെ സീറോ FIR

അഥവാ ശൂന്യ പ്രഥമ വിവര റിപ്പോർട്ട് എന്നു പറയുന്നു). ഇതിന്റെ തുടർച്ചയായി കുറ്റകൃത്യം നടന്ന സ്ഥലത്തിന്റെ അധികാര പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷന്റെ പരിധിയിലേയ്ക്ക് കേസ് കൈമാറേണ്ടതാണ്. എന്നാൽ ഇങ്ങനെ ഒരു അടിയന്തിരഘട്ടം ഉണ്ടാകാത്ത പക്ഷം അന്വേഷണം വൈകുന്നത് ഒഴിവാക്കുന്നതിനായി ലോക്കൽ പോലീസിനെ വിവരങ്ങൾ ധരിപ്പിക്കേണ്ടതാണ്.

അടിയന്തിര സഹായം ആവശ്യമെങ്കിൽ പോലീസ് കൺട്രോൾ റൂമിൽ വിളിക്കുക. നിങ്ങളുടെ സുരക്ഷയോ, വൈദ്യസഹായത്തിനോ രക്ഷപ്പെടുന്നതിനോ അടിയന്തിരമായി സഹായം ആവശ്യമെങ്കിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ വിളിക്കാതെ പോലീസ് കൺട്രോൾ റൂമിൽ വിളിക്കുന്നത് റെക്കോർഡ് ചെയ്യപ്പെടുകയും അതിക്രമം തടയുന്നതിനും നിങ്ങളെ വൈദ്യസഹായത്തിന് കൊണ്ടുപോകുന്നതിനുമായി ഒരു പോലീസ് സംഘം പ്രസ്തുത സ്ഥലത്ത് എത്തുന്നതുമാണ്. ലോക്കൽ പോലീസ് സ്റ്റേഷനിലും പ്രസ്തുത വിവരം അറിയിക്കുന്നതാണ്.

സി.ആർ.പി.സി. വകുപ്പ് 156(3) പ്രകാരം മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരം പ്രഥമ വിവര റിപ്പോർട്ട് നൽകുന്നതിനെ തുടർന്ന് പോലീസ് അന്വേഷണവും ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷയിൽ ടി കോളിനെപ്പറ്റി പരാമർശിക്കാവുന്നതാണ്.

**നിങ്ങളുടെ പ്രയോജനപ്രദമായ നമ്പറുകൾ**

| | |
|---|---|
| പോലീസ് കൺട്രോൾ റൂം | :100 |
| വനിതാ പോലീസ് ഹെൽപ്പ് ലൈൻ | :1091 |
| ചൈൽഡ് ലൈൻ (കുട്ടികളുടെ ദുരുപയോഗം റിപ്പോർട്ട് ചെയ്യുന്നതിന്) | :1098 |

**പ്രഥമ വിവര റിപ്പോർട്ട് ഒരു വനിതാ ഉദ്യോഗസ്ഥ രേഖപ്പെടുത്തണം:**

ഐ.പി.സി. വകുപ്പുകൾ 326A, 326B, 354, 354B, 370A, 376, 376A, 376B, 376C, 376D, 376E, 509 പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ നിർബന്ധമായും ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ / ഓഫീസർ തന്നെ പ്രഥമ വിവര റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതാണ്. അത്തരം വിവരങ്ങൾ ശേഖരിക്കുന്നത് വീഡിയോ റെക്കോർഡ് ചെയ്യേണ്ടതുമാണ്.

നിങ്ങൾ ഭിന്നശേഷിയുള്ള വ്യക്തിയാണെങ്കിൽ താൽക്കാലികമായോ സ്ഥിരമായോ, മാനസികമായോ, ശാരീരികമായോ ഭിന്നശേഷിയുള്ള വ്യക്തിക്ക് നേരിടേണ്ടി വരുന്ന പീഢനം സംബന്ധിച്ച് പ്രഥമ വിവര റിപ്പോർട്ട് ടി വ്യക്തിയുടെ താമസസ്ഥലത്തോ അവരുടെ സൗകര്യാർത്ഥം നിർദ്ദേശിക്കുന്ന സ്ഥലത്തോ വച്ച് ഒരു പരിഭാഷപ്പെടുത്തുവാനുള്ള വ്യക്തിയുടെയോ / സ്പെഷൽ എഡ്യുക്കേറ്ററുടെയോ സാന്നിദ്ധ്യത്തിൽ ചെയ്യേണ്ടതാണ്.

8. **പ്രഥമ വിവര റിപ്പോർട്ടിൽ എന്തെല്ലാം വിവരങ്ങൾ ഉൾക്കൊള്ളിക്കണം?**

കുറ്റകൃത്യം സംബന്ധിച്ച് നടന്ന തീയതി, സമയം, സ്ഥലം എന്നിവ കൃത്യമായി രേഖപ്പെടുത്തണം. കുറ്റം ചെയ്ത രീതി, ശാരീരിക ആക്രമണം / പീഢനം ഉണ്ടായിട്ടുണ്ടെങ്കിൽ ആക്രമണം / പീഢനം നേരിട്ട ശരീരഭാഗം / ഭാഗങ്ങൾ അത് ഉപയോഗിച്ച ആയുധം. തിരിച്ചറിയാൻ കഴിഞ്ഞ പ്രതിയുടെ / പ്രതികളുടെ പേരു വിവരം, കുറ്റകൃത്യത്തിനു സാക്ഷിയായവരുടെ വിവരങ്ങൾ എന്നിവ കൂടെ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത വിശദീകരണം നിങ്ങളുടെ അല്ലെങ്കിൽ കുറ്റം ആരോപിക്കപ്പെട്ട വ്യക്തിയുടെ വൈദ്യ പരിശോധനയിൽ സ്ഥിരീകരിക്കപ്പെടുന്നതുമാണ്. പ്രതികളെ സംബന്ധിച്ച് മതിയായ വിവരങ്ങൾ അറിവില്ലാത്ത പക്ഷം തിരിച്ചറിയാൻ മതിയായ മറ്റുള്ള വിവരങ്ങൾ നൽകേണ്ടതാണ്. ഉദാഹരണമായി വയസ്സ്, ആൺ / പെൺ, ശരീരപ്രകൃതം, തിരിച്ചറിയാൻ സഹായകമായേക്കാവുന്ന മുഖത്തുള്ള ഏതെങ്കിലും അടയാളങ്ങൾ മുതലായവ അല്ലെങ്കിൽ സംസാര ശൈലിയിലുള്ള പ്രത്യേകത എന്നിവ നൽകേണ്ടതാണ്. ഇതുപോലെ തന്നെ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയാത്ത ആരെങ്കിലും കുറ്റത്തിന് സാക്ഷിയായിട്ടുണ്ടെങ്കിൽ ടി വ്യക്തിയെ തിരിച്ചറിയുന്നതിന് സഹായകമാകുന്ന വിവരങ്ങൾ നൽകാവുന്നതാണ്. കേസ് അന്വേഷണ ഘട്ടത്തിൽ പോലീസ് ഇത് സ്ഥിരീകരിക്കുന്നതാണ്.

- പോലീസുമായി സഹകരിക്കുന്നതിന് സഹകരണം ഉറപ്പാക്കുന്നതിന് നിങ്ങളുടെ മേൽവിലാസം, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ നൽകുക.
- കഴിയുമെങ്കിൽ കുറ്റവാളിയെ സംബന്ധിക്കുന്ന എല്ലാ വിശദാംശങ്ങളും അവരെ / അയാളെ തിരിച്ചറിയുന്നതിനായി നൽകുക. എന്നാൽ ടിയാളെ അന്വേഷിക്കുന്നതിനോ, അറസ്റ്റ് ചെയ്യുന്നതിനോ ഉള്ള വിവരങ്ങൾ പ്രഥമ വിവര റിപ്പോർട്ടിന്റെ ഭാഗം ആകണമെന്നില്ല.
- അത്യന്താപേക്ഷിതഘട്ടങ്ങളിൽ നിയമപരമായ വകുപ്പുകൾ പരാമർശിക്കണമെന്നില്ല.

നിങ്ങൾക്ക് നിയമപരിജ്ഞാനമുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകൾ പ്രഥമ വിവര റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. സമയം അനുവദിക്കുമെങ്കിൽ, പോലീസിനെ സമീപിക്കുന്നതിനു മുമ്പ് ഒരു വക്കീലിനെ സമീപിക്കുകയോ നിയമോപദേശം തേടുകയോ ചെയ്യാവുന്നതാണ്. എന്നാൽ നിങ്ങൾ കുറ്റം സംബന്ധിച്ച് വിവിധ വകുപ്പുകൾ അറിഞ്ഞിരിക്കേണ്ടത് അനുപേക്ഷണീയമല്ലാത്തതിനാൽ അതിനായി കൂടുതൽ സമയം ചിലവിടേണ്ടതില്ല. നിങ്ങൾ പ്രഥമ വിവര റിപ്പോർട്ടിൽ നൽകുന്ന വിവരങ്ങൾ അടിസ്ഥാനപരവും കുറ്റകൃത്യം ഏതുതരം എന്നതിലേക്ക് വിരൽ ചൂണ്ടുന്നതുമാണ്. നിങ്ങൾ നൽകുന്ന വിവരങ്ങൾ / വസ്തുതകൾ പൂർത്തിയായ ശേഷം പ്രതിക്ക് റിമാൻഡ് നൽകുന്ന വേളയിൽ പോലീസിനോ, മജിസ്ട്രേറ്റിനു തന്നെയോ നിയമ വകുപ്പികൾ കൃത്യമായി ഉൾക്കൊള്ളിക്കുവാൻ കഴിയുന്നതാണ്.

- **തെറ്റായതോ, ഊതിപ്പെരുപ്പിച്ചതായോ ഉള്ള വിവരങ്ങൾ നൽകരുത്. കേസ് വിസ്താരവേളയിൽ നിങ്ങളെ ചോദ്യം ചെയ്യുന്നതും ഏതെങ്കിലും തരത്തിൽ തെറ്റായതോ, അടിസ്ഥാനമില്ലാതെ ഊതിവീർപ്പിച്ചതോ ഉള്ള വിവരങ്ങൾ നിസ്സാരമായ കാര്യങ്ങളിൽ നൽകിയിട്ടുണ്ടെങ്കിൽ പോലും അതു നിങ്ങളുടെ കേസ്സിനെ സാരമായി ബാധിക്കും.**
- പ്രഥമ വിവര റിപ്പോർട്ട് കഴിയുന്നത്ര വ്യക്തതയുള്ളതായിരിക്കണം. വസ്തുതകളെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എത്ര ചെറുതാണെങ്കിൽ പോലും വൈരുദ്ധ്യങ്ങൾ ഉണ്ടാകും.

9. **പ്രഥമ വിവര റിപ്പോർട്ട് നൽകിയശേഷം എനിക്ക് കൂടുതൽ വിവരങ്ങൾ പോലീസിനു നൽകാമോ?**

പ്രഥമ വിവര റിപ്പോർട്ടിൽ കുറ്റം സംബന്ധിച്ച് എല്ലാ വിവരങ്ങളും ഉൾപ്പെടാറില്ല. സംഭവത്തെപ്പറ്റി വിശദമായ വിവരങ്ങൾ നൽകുന്നതിനായി 164-ാം വകുപ്പു പ്രകാരമുള്ള റിപ്പോർട്ടിനു പുറമേ Cr.PC 161-ാം വകുപ്പു പ്രകാരം കൂടുതൽ വിവരങ്ങൾ നൽകാവുന്നതാണ്. കുറ്റകൃത്യം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത പ്രഥമ വിവര റിപ്പോർട്ടിന് നിയമപരമായ പരിഹാരമാർഗ്ഗം ഇല്ല. എന്നാൽ Cr.PC 482-ാം വകുപ്പു പ്രകാരം കേസ്സിൽ ഇടപെടുന്നതിന് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും നിക്ഷിപ്തമായിരിക്കുന്ന അധികാരത്തിന്റെ സാദ്ധ്യതയെ ആരായുന്ന റിട്ട് സമർപ്പിക്കുകയെന്ന ഒരു സാദ്ധ്യത മാത്രമെ ഇവിടെ അവശേഷിക്കുന്നുള്ളൂ. അങ്ങനെ ഒരു കേസ്സിലെ പ്രഥമ വിവര റിപ്പോർട്ട് തിരുത്തുന്നതിലേക്ക് ഹൈക്കോടതിയുടെ അധികാരം ഉപയോഗപ്പെടുത്തുന്നത് അധികം സമയവും പണവും വേണ്ടിവരുന്ന പ്രക്രിയയാണ്. ഇത്തരം സന്ദർഭങ്ങളിൽ പരാതിക്കാരി ഉയർന്ന പോലീസ് ഉദ്യോഗസ്ഥയെ/നെ തന്നെ സമീപിക്കുന്നതാണ് അഭികാമ്യം.

i) തിരുത്തലുകൾ ആവശ്യമെങ്കിൽ പരിഗണിക്കും.

ii) പ്രഥമ വിവര റിപ്പോർട്ടിൽ ഉണ്ടായിട്ടുള്ള ഏതെങ്കിലും ന്യൂനതകളോ, തെറ്റുകളോ പരിഹരിക്കുന്നതിന് / കുറയ്ക്കുന്നതിന് കീഴുദ്യോഗസ്ഥന് അന്വേഷണത്തിന് നിർദ്ദേശം നൽകും.

iii) അന്വേഷണ ഉദ്യോഗസ്ഥനും തന്റെ പ്രായോഗിക പരിചയം പകർന്നു നൽകും.

iv) നിയമ നിർവ്വഹണ സംവിധാനത്തിൽ പീഢനത്തിന് ഇരയായ വ്യക്തിക്കുള്ള വിശ്വാസ്യത നേടിയെടുക്കും.

Cr.PC -വകുപ്പ് 161 പ്രകാരം പ്രഥമ വിവര റിപ്പോർട്ടിലെ വിവരങ്ങളെ വിശദീകരിക്കുന്ന രീതിയിൽ പിന്നീട് നിങ്ങൾക്ക് പ്രസ്താവനകൾ നൽകാം. പക്ഷേ നിങ്ങൾക്ക് ടി റിപ്പോർട്ടിലെ വിവരങ്ങൾ മാറ്റുകയോ തിരുത്തുകയോ ചെയ്യാൻ കഴിയില്ല.

10. **അടിയന്തിരമായി പോലീസ് സഹായം ലഭ്യമാകാൻ കഴിയാത്ത പക്ഷം എനിക്ക് എന്തു മുൻകരുതൽ എടുക്കാം?**

- പെട്ടെന്ന് പോലീസിനെ സമീപിക്കേണ്ട എന്നു നിങ്ങൾ തീരുമാനിക്കുകയാണെങ്കിൽ നേരിടേണ്ടി വന്ന പീഢനം സംബന്ധിച്ചു പ്രധാനപ്പെട്ട വസ്തുതകൾ നിങ്ങൾക്ക് വിശ്വാസമുള്ള ഒരു വ്യക്തിക്ക് കൈമാറുക

. നിങ്ങൾ ഉടനടി പോലീസിനെ സമീപിക്കുന്നില്ല എന്ന് തീരുമാനമെടുത്താൽ താഴെ പറയുന്ന നടപടി ക്രമങ്ങൾ ചെയ്യുക.

- കുറ്റകൃത്യം / അതിക്രമം സംബന്ധിച്ച് ഒരു പ്രഥമ വിവര റിപ്പോർട്ട് സ്വയം എഴുതി ഉണ്ടാക്കുക. ഭാവിയിൽ നിയമനടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിക്കുകയാണെങ്കിൽ കുറ്റകൃത്യത്തെ / അതിക്രമത്തെ സംബന്ധിച്ചും നിങ്ങളുടെ പരാമർശം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. നിങ്ങൾ അപ്രകാരം നിയമപരമായി മുന്നോട്ടു പോകുമ്പോൾ അതിക്രമം സംബന്ധിച്ച് ഏറ്റവും ആദ്യം ഉള്ള എഴുത്ത്പ്രതി തന്നെ ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത എഴുത്ത് പ്രതി നിങ്ങൾ വസ്തുതകളിൽ മാറ്റം വരുത്തിയിട്ടില്ല എന്നതിനു തെളിവാണ്.
- കുറ്റം / അതിക്രമം നടന്ന തീയതി, സമയം തുടങ്ങിയ അനിവാര്യമായ വിവരങ്ങൾ രേഖപ്പെടുത്തുക.
- അതിക്രമം നടന്നു എന്ന് ബന്ധുവിനേയോ സുഹൃത്തിനേയോ ഈമെയിൽ, ടെലിഗ്രാം അല്ലെങ്കിൽ തപാലിൽ അറിയിക്കുന്നത് അഭികാമ്യം.
- അതുകൂടാതെ, പ്രത്യക്ഷത്തിലുള്ള മുറിവുകൾ നിങ്ങളുടെ ശരീരത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും എന്നാൽ വൈദ്യപരിശോധന നടത്തിയിട്ടില്ലെങ്കിൽ, മുറിവ്, ഫോട്ടോ എടുത്ത് കാണിക്കാവുന്നതാണ്. ഫോട്ടോ എടുക്കുന്ന തീയതി തെളിവിനുവേണ്ടി നൽകാവുന്നതുമാണ്. **സംഭവം നടന്ന ദിവസത്തെ പത്രത്തിന്റെ പശ്ചാത്തലത്തിൽ, മുറിവിന്റെയോ ചതവിന്റെയോ ഫോട്ടോ എടുത്ത് നെഗറ്റീവ് സൂക്ഷിക്കാവുന്നതാണ്.**

11. **എനിക്കെതിരെയുണ്ടായ ഓരോ അതിക്രമത്തിനു പ്രത്യേകം പ്രഥമ വിവര റിപ്പോർട്ട് നൽകേണ്ടതുണ്ടോ?**

ഒരേ കൃത്യത്തിന്റെ ഭാഗമായി വരുന്ന കുറ്റങ്ങൾ ഒന്നിച്ച് രേഖപ്പെടുത്തുകയോ, അന്വേഷിക്കുകയോ ചെയ്യാറില്ല. ഉദാഹരണമായി ലൈംഗികാതിക്രമത്തോട് അനുബന്ധിച്ച് ഭീഷണിയും ഉണ്ടാകും.

ഒരു കുറ്റം ബോധപൂർവ്വം ചെയ്തതാണ് എങ്കിൽ അതിന്റെ ഭാഗമായി വരുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കും പ്രഥമ വിവരം രേഖപ്പെടുത്താവുന്നതാണ്.

12. **പോലീസ് പ്രഥമ റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്നില്ലെങ്കിൽ എനിക്ക് എന്തു ചെയ്യാൻ കഴിയും?**

ക്രിമിനൽ ലോ ആക്ട് 2013 (CLA) നിലവിൽ വന്നതോടെ ഇന്ത്യൻ പീനൽ കോഡിൽ (IPC) 166-ാം വകുപ്പു കൂടി ചേർക്കുകയും ചെയ്തു. അതിൻ പ്രകാരം ലൈംഗികാതിക്രമ കേസ്സുകളുടെ പ്രഥമ വിവര റിപ്പോർട്ട് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ ആറു മാസം മുതൽ രണ്ടു വർഷം വരെ തടവിനും പിഴയ്ക്കും ശിക്ഷാർഹമാണ്.

പക്ഷേ പരാതി നൽകിയിട്ടും നിങ്ങളുടെ പ്രഥമ വിവര റിപ്പോർട്ട് പോലീസ് രജിസ്റ്റർ ചെയ്യാത്ത പക്ഷം അത് അപ്പോൾ തന്നെ നിങ്ങളെ അറിയിക്കേണ്ടതാണ്. ഇത്തരത്തിൽ നിങ്ങൾക്ക് ഇനി പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

i) ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെ സമീപിക്കുക. Cr.PC 154(3)വകുപ്പു പ്രകാരം പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്നത് തിരസ്ക്കരിക്കപ്പെട്ട വ്യക്തിക്ക് പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കം പോലീസ് സൂപ്രണ്ടിന് തപാലിൽ അയച്ചു കൊടുക്കാവുന്നതാണ്. പോലീസ് സൂപ്രണ്ട് നേരിട്ടോ കീഴ് ഉദ്യോഗ സ്ഥൻ / ഓഫീസർ മുഖേനയോ പ്രസ്തുത കേസ് അന്വേഷിക്കുന്നതാണ്. ഈ ഓഫീസറെ നേരിൽ കണ്ട് പ്രഥമ വിവര റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തേണ്ടതാകുന്നു.

ii) പോലീസ് അന്വേഷണത്തിന് മജിസ്ട്രേറ്റിന്റെ നിർദ്ദേശം തേടാനുള്ള മാർഗ്ഗങ്ങൾ പോലീസ് റിപ്പോർട്ടിന്മേൽ കോടതി അന്യായവുമായി മുമ്പോട്ടു പോകുവാൻ നിർദ്ദേശിക്കുവാൻ അധികാരമുള്ള മജിസ്ട്രേറ്റ് പോലീസ് അന്വേഷണത്തിന് ഉത്തരവ് ഇടുന്നതാണ്. Cr.PC വകുപ്പു 2(d) പ്രകാരം അതിക്രമത്തിനിരയായ വ്യക്തിക്ക് ഒരു സ്വകാര്യ പരാതി മജിസ്ട്രേറ്റിന് നൽകികൊണ്ട് അന്യായം ബോധിപ്പിക്കാവുന്നതാണ്. ഇതിന് ഉപോൽഫലകമായി അധികാരം നൽകുന്നത് Cr.PC 156(3)വകുപ്പു പ്രകാരം ബോധപ്പൂർവ്വം ചെയ്ത കുറ്റമാണ്. അനുവദനീയമെങ്കിൽ മജിസ്ട്രേറ്റിനു നൽകിയ പരാതിയിലെ വിശദാംശങ്ങൾ പ്രഥമ വിവര റിപ്പോർട്ടിലേക്ക് മാറ്റുന്നതു വഴി കുറ്റം നടന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ (പ്രസ്തുത പരാതി നൽകുന്നത് വരെയുള്ളത്) ക്രമാനുഗതമായി കൂട്ടിചേർക്കാവുന്നതുമാണ്.

**അന്വേഷണത്തിനു മുമ്പുള്ള അവലോകനം**

വകുപ്പ് 156(3) Cr.PC പ്രകാരം സ്ത്രീയോ പുരുഷനോ ഒരു കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവലോകനത്തിനു മുമ്പ് മജിസ്ട്രേറ്റിനു മുമ്പാകെ സഹായം അഭ്യർത്ഥിക്കാവുന്നതാണ്. അതിൽ പറയുന്നത്, മജിസ്ട്രേറ്റിന് പോലീസ്

അന്വേഷണത്തിനു വിവരങ്ങൾ സമർപ്പിക്കുന്നതിനും ഉത്തരവിടുന്നു.

**അവലോകനത്തിന് മുമ്പുള്ള അന്വേഷണം വകുപ്പ് 202 Cr.PC പ്രകാരം മജിസ്ട്രേറ്റ് ഒരു കുറ്റത്തെക്കുറിച്ചുള്ള അവലോകനം നടത്തുന്നത് വകുപ്പ് 190 Cr.PC പ്രകാരം സ്ത്രീയോ പുരുഷനോ: (a) നടപടി ക്രമങ്ങളും അന്വേഷണവും സ്വയം മാറ്റിവക്കുക (b) അന്വേഷണം പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ (c) മറ്റൊരു വ്യക്തിയുടെ നേതൃത്വത്തിലുള്ള അന്വേഷണം.**

എന്നിരുന്നാലും, സെഷൻസ് കോടതി പ്രത്യേകമായി വിചാരണയ്ക്ക് എടുക്കേണ്ട കുറ്റകൃത്യങ്ങളാണെങ്കിൽ (ബലാത്സംഗ കേസ് Sec. 375/376 IPC) അവലോകനത്തിനുശേഷം മജിസ്ട്രേറ്റിന് പോലീസ് അന്വേഷണത്തിനു ഉത്തരവിടുവാൻ കഴിയില്ല.

iii) **സി. ബി. ഐ അന്വേഷണം / അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥനെ മാറ്റുക .**

കുറ്റാരോപണ വിധേയനായ വ്യക്തി ഒരു പോലീസ് ഉദ്യോഗസ്ഥനോ / ലോക്കൽ പോലീസ് സ്റ്റേഷനിൽ പോസ്റ്റുചെയ്യപ്പെട്ട വ്യക്തിയോ അതോ രണ്ടും കൂട്ടിയോ ആയിരുന്നാൽ പോലീസ് മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ പോലീസ് നിഷ്പക്ഷമായിരിക്കില്ല എന്ന ധാരണ ഉണ്ടാകാനിടയുള്ളതുകൊണ്ട് ഭരണഘടനയുടെ അനുച്ഛേദം 226 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെയോ, ഏജൻസിയേയോ മാറ്റുവാൻ നിർദ്ദേശിക്കാവുന്നതാണ്. പ്രഥമദൃഷ്ട്യാ കേസന്വേഷണം മറ്റൊരുത്തരത്തിലും സാദ്ധ്യമാകാത്ത സാഹചര്യത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാവുന്നതാണ്.

**ബോധപൂർവ്വം ചെയ്ത കുറ്റത്തിൽ പ്രഥമ വിവര റിപ്പോർട്ട് രേഖപ്പെടുത്തേണ്ടത് അനിവാര്യമാണെന്നിരിക്കെ പ്രഥമ വിവര റിപ്പോർട്ട് രേഖപ്പെടുത്തുമ്പോൾ പാലിക്കേണ്ടതായ നടപടി ക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടാവില്ല. അതിനാൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.**

- **പ്രഥമ വിവര റിപ്പോർട്ടിന്റെ അവസാനം നിങ്ങൾ ഒപ്പിടുക**. നിരക്ഷരനാണെങ്കിൽ (അക്ഷരാഭ്യാസമില്ലാത്തത്) ടിയാളെ ഉള്ളടക്കം വായിച്ചു കേൾപ്പിച്ചു എന്ന് ഉറപ്പു വരുത്തുക.
- **ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തന്റെ പേരും ഔദ്യോഗിക സ്ഥാനവും പ്രഥമ വിവര റിപ്പോർട്ടിൽ എഴുതി നൽകണം.**
- **നിങ്ങൾ പ്രഥമ വിവര റിപ്പോർട്ടിന്റെ ഒരു പകർപ്പ് കൈവശം വയ്ക്കുക.**

13. **ഞാൻ എങ്ങനെ ഒരു വ്യക്തിഗത പരാതി നൽകും?**

ഒരു വ്യക്തിഗത പരാതി നൽകുമ്പോൾ താഴെ പറയുന്നവ ഓർത്തിരിക്കുക.

- വ്യക്തിഗത പരാതി ഒരു പൊതു പ്രവർത്തകൻ മുഖാന്തരം ഫയൽ ചെയ്യാം:- കുട്ടികളുടെ ലൈംഗികാതിക്രമ നിരോധന നിയമം (POCSO Act) പ്രകാരം സെഷൻസ് കോടതിക്കോ, പ്രത്യേക കോടതിക്കോ ഒരു പൊതുപ്രവർത്തകൻ നൽകുന്ന പരാതിയിന്മേൽ നിയമ നടപടി കൈകൊള്ളാവുന്നതാണ്.
- ഒരു സുഹൃത്തിനോ ബന്ധുവിനോ വ്യക്തിഗത പരാതി നൽകാൻ കഴിയും:- പീഢനത്തിനിരയായ വ്യക്തി തന്നെ പരാതി നൽകണമെന്നില്ല സംഭവത്തെപ്പറ്റി മതിയായ വിവരമുള്ള ഏതൊരു വ്യക്തിയ്ക്കും പരാതി നൽകാവുന്നതാണ്. പീഢനത്തിനിരയായ വ്യക്തി തെളിവെടുപ്പിനു മാത്രമായി കോടതിയിൽ ഹാജരാകുകയും മറ്റെല്ലാവിധ നിയമ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്.
- ലോക്കൽ പോലീസിന്റെ പ്രതികരണം പരാമർശിക്കുക:- പരാതിക്കാരി ആദ്യം തന്നെ ലോക്കൽ പോലീസ് സ്റ്റേഷനിൽ സമീപിക്കുകയും അവൻ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാൻ നിരസിക്കുകയും ചെയ്ത വിവരം പരാമർശിക്കേണ്ടതാണ്.
- പോലീസിനെ സമീപിക്കാതെ ഇരിക്കുമ്പോൾ:- നിഷ്പക്ഷവും നീതിപൂർവ്വമായ ഒരു അന്വേഷണം സാദ്ധ്യമല്ല എന്ന കാരണത്താൽ നിങ്ങൾ പോലീസിനെ സമീപിക്കാതിരുന്നാൽ അതിനുള്ള കാരണം വ്യക്തമായി എഴുതുക (ഉദാ: ലോക്കൽ പോലീസ് സ്റ്റേഷനിലെ ഓഫീസർ പ്രതിയുടെ സുഹൃത്താണ്).
- നിയമപരമായ അധികാര പരിധി: മജിസ്ട്രേറ്റിന്റെ പ്രാദേശികമായ അധികാര പരിധി വ്യക്തമായി പറയുക. ഒരു കുറ്റം ചെയ്യപ്പെടുമ്പോൾ ഏതു മജിസ്ട്രേറ്റ് കോടതിയുടെ പരിധിയിൽപ്പെടുന്ന സ്ഥലത്താണെന്ന് ലോക്കൽ പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചറിയാവുന്നതാണ്.
- ബോധപൂർവ്വം കുറ്റം ചെയ്തു എന്നു വാദിക്കണം: പരാതിയിൽ കുറ്റം ബോധപൂർവ്വമാണ് ചെയ്തത് എന്നു വ്യക്തമായി പറയണം. അതിന് സാധൂകരിക്കുന്ന തെളിവുകളും പരാതിയോടൊപ്പം ഹാജരാക്കുക.
- തെളിവ് സത്യവാങ്മൂലം നൽകുക: Cr.PC വകുപ്പ് 156(3) പ്രകാരം ലോക്കൽ കേസന്വേഷണത്തിന് ലോക്കൽ പോലീസിന് നിർദ്ദേശം നൽകുന്നത് പരാതിക്കാരിയുടെയോ സാക്ഷിയുടെയോ യാതൊരു പ്രസ്താവനയും രേഖപ്പെടുത്താതെ പരാതിയുടെ മാത്രം അടിസ്ഥാനത്തിലാണ്. അതിനാൽ നിങ്ങളുടെ പരാതിയോടൊപ്പം അതിലെ ഉള്ളടക്കം ശരിവയ്ക്കുന്ന സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.

- നിയമനടപടികൾ ആരംഭിച്ചു എങ്കിൽ: അന്യായത്തിലെ മുഴുവൻ കാര്യങ്ങളും പരാതിയിൽ പരാമർശിക്കുന്നത് പ്രഥമ വിവര റിപ്പോർട്ടിനേക്കാൾ വിശദമായ വിവരങ്ങൾ നൽകും. കുറ്റം ബോധപൂർവ്വം ചെയ്തതാണെന്ന് അന്യായം വെളിവാക്കണം. കേസ്സിന്റെ ഓരോ ഭാഗത്തിനും ഉപോൽബലകമായ തെളിവ് ഏതെന്ന് പരാതിയിൽ വ്യക്തമായ സൂചന ഉണ്ടാവണം.
- സാക്ഷികളുടെയും രേഖകളുടെയും പട്ടിക: രണ്ടു പട്ടികകൾ ഉണ്ടാവണം (1) സാക്ഷി പട്ടിക (2) രേഖകളുടെ പട്ടിക. സാക്ഷികളെ അറിയിക്കുന്നതിനും രേഖകൾ സമർപ്പിക്കുന്നതിനുമായി ഇവ ഫയൽ ചെയ്യേണ്ടതാണ്.

14. **കേസ് അവസാനിപ്പിക്കുന്നതായി പോലീസ് റിപ്പോർട്ട് ചെയ്താൽ എനിക്ക് എന്തു ചെയ്യാൻ കഴിയും?**

അന്വേഷണത്തിന്റെ അവസാനം പോലീസ് Sec. 169 അല്ലെങ്കിൽ Cr.PC 173-ാം വകുപ്പു പ്രകാരം ഒരു ചാർജ്ജ് ഷീറ്റോ (കുറ്റ പത്രം), കേസ് അവസാനിപ്പിക്കുന്നതായ റിപ്പോർട്ടോ (ക്ലോഷർ റിപ്പോർട്ട്) സമർപ്പിക്കും. കേസ് അവസാനിപ്പിക്കുന്നു എന്ന് പോലീസ് പ്രസ്താവിക്കുന്ന റിപ്പോർട്ട് ആണ് ക്ലോഷർ റിപ്പോർട്ട്.

അന്വേഷണത്തിനു ശേഷം പോലീസ് ഒരു അന്തിമ റിപ്പോർട്ട് സമർപ്പിക്കും. എന്നാൽ നിങ്ങൾക്ക് പ്രസ്തുത അന്തിമ റിപ്പോർട്ടിന്റെ സ്വീകാര്യതയെ എതിർക്കാവുന്നതാണ്. ക്ലോഷർ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അതിനെ എതിർക്കാനുള്ള അവകാശം നിങ്ങൾക്ക് ക്ലോഷർ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ തന്നെ സെഷൻസ് കോടതിയോ, സ്പെഷ്യൽ കോടതിയോ വിവരം നൽകുന്നയാൾക്ക് നോട്ടീസ് നൽകാവുന്നതാണ്. നിങ്ങൾക്ക് നോട്ടീസ് സ്വീകരിക്കാവുന്നതും പോലീസിന്റെ ക്ലോഷർ റിപ്പോർട്ടിനെതിരെ നിങ്ങളുടെ വാദമുഖങ്ങൾ ഉയർത്താവുന്നതുമാണ്.

**സാദ്ധ്യമെങ്കിൽ കേസ് ബലപ്പെടുത്തുന്നതിന് നിങ്ങളുടെ പ്രതിഷേധ പരാതിയിൽ സത്യവാങ്മൂലം ഉൾക്കൊള്ളിക്കുക. ഉദാഹരണത്തിന്: നിങ്ങൾ ഒരു സ്വകാര്യ ഡോക്ടറെ കാണുകയും പ്രസ്തുത ഡോക്ടറുടെ റിപ്പോർട്ട് ഒരു അനുബന്ധമായി ഉൾക്കൊള്ളിക്കുക.**

i) കോടതി ക്ലോഷർ (കേസ് അവസാനിപ്പിക്കുന്ന) റിപ്പോർട്ട് സ്വീകരിക്കും.

ii) കേസ് പരിഗണിക്കും

iii) തുടരന്വേഷണത്തിന് നിർദ്ദേശം നൽകും.

പ്രത്യേകം ശ്രദ്ധിക്കേണ്ടത്: കോടതി പ്രസ്തുത കുറ്റകൃത്യത്തെ അംഗീകരിക്കാത്ത പക്ഷം നിങ്ങൾക്ക് Cr.PC 397-ാം വകുപ്പു പ്രകാരം പുനരന്വേഷണത്തിന് ഹർജി നൽകാവുന്നതാണ്.

15. **അന്വേഷണ ഘട്ടത്തിൽ പോലീസ് എന്തു ചെയ്യും?**

കുറ്റപത്രം സമർപ്പിക്കുന്നതിന് മുമ്പുള്ള സമയമാണ് അന്വേഷണഘട്ടം. Cr.PC അദ്ധ്യായം 12 പ്രകാരം അന്വേഷണഘട്ടത്തിൽ താഴെപ്പറയുന്ന നടപടിക്രമങ്ങൾ ശുപാർശ ചെയ്തിരുക്കുന്നു.

Cr.PC 202(1)-ാം വകുപ്പു പ്രകാരം ഒരു സ്വകാര്യ അന്യായത്തിൽ മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരം അന്വേഷണം നടത്തുന്നതും അന്യായത്തിന് അനുകൂലഘടകമാണ്. ഇതിന്റെ അവസാനം കുറ്റപത്രം സമർപ്പിക്കുകയില്ല. അന്വേഷണ ഘട്ടത്തിലെ പ്രധാന നടപടികൾ -

i) ഇരയുടെയോ അല്ലെങ്കിൽ പ്രതിയുടെയോ വൈദ്യപരിശോധന

ii) Cr.PC 161-ാം വകുപ്പു പ്രകാരം ഒപ്പിടാത്ത സാക്ഷിമൊഴി രേഖപ്പെടുത്തൽ. **പ്രസ്തുത വകുപ്പു പ്രകാരം നിങ്ങൾക്ക് പ്രഥമ വിവര റിപ്പോർട്ടിൽ നൽകിയ വിവരങ്ങൾ ഇവിടെ വിശദമാക്കാവുന്നതാണ്.**

iii) ആവശ്യമെങ്കിൽ പ്രതിയെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്ത് കസ്റ്റഡിയിൽ ചോദ്യം ചെയ്യൽ, തൊണ്ടി ശേഖരിക്കൽ.

iii) Cr.PC 164-ാം വകുപ്പു പ്രകാരം മജിസ്ട്രേറ്റ് മുമ്പാകെ മൊഴി രേഖപ്പെടുത്തൽ (IPC വകുപ്പുകൾ 354, 354A, 354B, 354C, 354D ഉപവകുപ്പ് (1) അല്ലെങ്കിൽ (2) വകുപ്പുകൾ 376, 376A, 376B, 376D, 376E അല്ലെങ്കിൽ 509 IPC വകുപ്പുകളിൽപ്പെടുന്ന കുറ്റങ്ങളിൽ ഇരയുടെ മൊഴി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ രേഖപ്പെടുത്തുന്ന മൊഴി, 161-ാം വകുപ്പു പ്രകാരമുള്ള തെളിവുകളെ സാധൂകരിക്കും. **Cr.PC 164-ാം വകുപ്പു പ്രകാരം മജിസ്ട്രേറ്റിനു മുമ്പിൽ നൽകിയ മൊഴി Cr.PC 161-ാം വകുപ്പു അനുസരിച്ചു പരസ്പര വിരുദ്ധമാകാൻ പാടില്ല.** എതിർകക്ഷിയുടെ അഭിഭാഷകൻ നിങ്ങളുടെ കേസ് ദുർബലമാക്കുന്നതിന് നിങ്ങളുടെ മൊഴിയിലെ വൈരുദ്ധ്യങ്ങളെ എടുത്തു കാണിക്കാൻ ശ്രമിക്കും. അതുകൊണ്ട് വളരെ കൃത്യമായി തന്നെ നിങ്ങൾ മൊഴി നൽകുക.

v) കുറ്റകൃത്യം നടന്നു എന്ന് വെളിവാക്കുന്ന വസ്തുതകളോ റെക്കോർഡുകളോ കണ്ടെത്തുകയോ പിടിച്ചെടുക്കുകയോ ചെയ്യുക.

iv) പ്രസക്തമായ വസ്തുക്കൾ വേണ്ട മുൻകരുതലോടെ രാസപരിശോധനയ്ക്ക് അയയ്ക്കുകയും വിദഗ്ദ്ധ ഉപദേശം നേടിയ ശേഷം പോലീസ് റിപ്പോർട്ടിനോടുകൂടെ അവ കോടതിയിൽ സമർപ്പിക്കുകയും ചെയ്യുക.

ivv) കുറ്റാരോപിതനായ വ്യക്തി മജിസ്ട്രേറ്റ് മുമ്പാകെ കുറ്റസമ്മതം നടത്തുകയാണെങ്കിൽ അതു തന്നെ കുറ്റകൃത്യം നടന്നു എന്നതിന് തെളിവായി തനിക്കും

കൂട്ടാളികൾക്കുമെതിരേ വരുന്നതാണ്.

ചിലതരം കുറ്റകൃത്യങ്ങളിൽ പ്രത്യേക നടപടികൾ ഓർമ്മയിൽ വെയ്ക്കേണ്ടതാണ്.

- ഒരു വനിതാ പോലീസ് ഓഫീസർ മുമ്പാകെ Cr.PC 161-ാം വകുപ്പു പ്രകാരം നിർബന്ധമായും മൊഴി നൽകേണ്ടതാണ്. പീഢനത്തിന് / അതിക്രമത്തിനിരയായ വ്യക്തിയുടെ മൊഴി 354, 354A, 354B, 354C, 354D, 376, 376A, 376B, 376D, 376E അല്ലെങ്കിൽ 509 IPC പ്രകാരമുള്ള വകുപ്പുകളിൽ Cr.PC 161-ാം വകുപ്പു പ്രകാരം മൊഴി രേഖപ്പെടുത്തേണ്ടതാണ്. പീഢനത്തിരയായ സ്ത്രീ ഭവനത്തിലല്ലാതെ മറ്റൊരു സ്ഥലത്തേക്കും ചോദ്യം ചെയ്യലിനായി പോലീസിന് നിർബന്ധിക്കാൻ പാടില്ല. ഇ.ജഇ ടലര.160- പ്രകാരമുള്ള പ്രസ്താവനകൾ ഒപ്പുവയ്ക്കാത്തതാകുന്നു.
- പീഢനത്തിന് / അതിക്രമത്തിനിരയായ വ്യക്തിയുടെ മൊഴി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. (Cr.PC 164-ാം വകുപ്പ്):- മാനസികമായോ ശാരീരികമായോ ഭിന്നശേഷിയുള്ള വ്യക്തിയാണെങ്കിൽ മൊഴി രേഖപ്പെടുത്താൻ മജിസ്ട്രേറ്റിന് ഒരു ഇന്റപ്രെറ്ററുടെയോ / പ്രത്യേകം പരിശീലനം സിദ്ധിച്ച ഒരാളുടെയോ സഹായം തേടാവുന്നതും അത് വീഡിയോയിൽ പകർത്തേണ്ടതുമാണ്. ഇത്തരം കേസ്സുകളുടെ വിചാരണ വേളയിൽ ഇരയുടെ ചീഫ് എക്സാമിനർ അത് നിരീക്ഷിക്കുന്നതുമാണ്.
- കാലതാമസം കൂടാതെ വൈദ്യപരിശോധന: വൈദ്യ പരിശോധന അഥവാ പ്രഥമ ശുശ്രൂഷ വരുന്നതിനു വരുന്ന കാലതാമസം IPC 326A, 376, 376A, 376B, 376C, 376D, 376E വകുപ്പുകൾ പ്രകാരം ശിക്ഷാർഹമാണ്. വൈദ്യപരിശോധന ഇരയുടെ സ്വന്തം സമ്മതത്തോടെയോ അത് നൽകാൻ ഉത്തരവാദിത്തപ്പെട്ട വ്യക്തിയിൽ നിന്നോ വാങ്ങിയ ശേഷം നടത്തേണ്ടതാണ്.
- അന്വേഷണ സമയത്ത് നിങ്ങൾ പോലീസിന് നൽകുന്ന സഹകരണത്തിന് തെളിവു സൂക്ഷിക്കുക:- പോലീസ് സ്വതന്ത്രമായ അന്വേഷണം നടത്തുന്നതുകൊണ്ട് നിങ്ങൾ നൽകുന്ന എല്ലാ നിർദ്ദേശങ്ങളും സ്വീകരിക്കണമെന്നില്ല. അതിനാൽ തന്നെ നിങ്ങൾ നൽകുന്ന സഹായ സഹകരണങ്ങൾക്ക് മതിയായ രേഖകൾ സ്വീകരിക്കുകയാണെങ്കിൽ പോലീസ് അന്വേഷണ ഘട്ടത്തിൽ പ്രസക്തമായ വസ്തുതകൾ തള്ളിക്കളഞ്ഞിട്ടുണ്ടെങ്കിൽ വിചാരണ വേളയിൽ അവ കോടതിയിൽ സമർപ്പിക്കാവുന്നതാണ്. സാക്ഷികളുടെ പേരുവിവരങ്ങൾ, കേസ് സംബന്ധിയായ വസ്തുതകൾ കണ്ടെടുക്കുന്നതിനുള്ള രേഖകൾ മുതലായവ സൂക്ഷിച്ചു വയ്ക്കുക അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥൻ നിങ്ങളുടെ നിർദ്ദേശങ്ങൾ നിരാകരിക്കുന്ന പക്ഷം താമസംവിനാ

പോലീസ് സൂപ്രണ്ടിനെ കണ്ട് പിഴവുകൾ തിരുത്തേണ്ടതാണ്.

16. **കേസ് തുടരുമ്പോൾ തന്നെ എനിക്ക് വൈദ്യ പരിശോധനയ്ക്ക് വിധേയമാകാതിരിക്കാമോ ?**

വൈദ്യപരിശോധനയ്ക്ക് വിധേയമാകാനുള്ള അവകാശം നിങ്ങൾക്കുണ്ട്. അതായത്, നിങ്ങൾ 12 വയസ്സിനു താഴെയുള്ള കുട്ടിയാണെങ്കിൽ മാതാപിതാക്കളോ/രക്ഷകർത്താവോ (അവരുടെ അഭാവത്തിൽ ഡോക്ടറോ) വൈദ്യപരിശോധനയ്ക്ക് സമ്മതം നൽകണം.

17. **വൈദ്യപരിശോധനയിൽ തെളിവെടുപ്പ് സംബന്ധമായി എന്തു സംഭവിക്കും?**

വൈദ്യപരിശോധനയിൽ ഡോക്ടർ നിങ്ങളോടു അരോചകമായി തോന്നാറുള്ള ചോദ്യങ്ങൾ ചോദിയ്ക്കും. എന്നാൽ കേസിന്റെ യാഥാർത്ഥ്യങ്ങൾ രേഖപ്പെടുത്തുന്നതിന് അത് വളരെ ആവശ്യമാണ്. ഉദാഹരണമായി

- ലൈംഗികാതിക്രമം നടന്ന സമയം, രീതി, സ്ഥലം മുതലായവ
- സംഭവങ്ങളുടെ പൂർണ്ണ വിവരങ്ങൾ, വിശദാംശങ്ങൾ ഉൾപ്പെടുത്താഞ്ഞാൽ നിങ്ങളുടെ സാക്ഷീകരണം, ദുർബലമാക്കുമെന്നതിനാൽ അത്തരം വിവരങ്ങൾ നൽകുന്നതിൽ വിമുഖത കാണിക്കരുത്.
- അതിക്രമം ഉണ്ടായ ശേഷം സംഭവിച്ച വിവരങ്ങൾ, നിങ്ങൾ സംഭവത്തിനു ശേഷം വസ്ത്രം മാറിയോ, കുളിച്ചോ, മൂത്രമൊഴിച്ചോ, മലമൂത്രവിസർജ്ജ്യം ചെയ്തോ, ലൈംഗികാവയവം കഴുകിയോ, വായ്കഴുകിയോ, ഭക്ഷിക്കുകയോ, പാനം ചെയ്യുകയോ ഉണ്ടായോ (വായ് സംബന്ധിയായ ലൈംഗികാക്രമണത്തിൽ) എന്നിവ തെളിവെടുപ്പിൽ വളരെ പ്രാധാന്യമുള്ളതിനാൽ ഇവ ചോദിച്ചറിയും. ഇത്തരം സംഭവങ്ങൾ കാരണം തെളിവുകൾ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്.
- ശുക്ലത്തിന്റെ സാന്നിദ്ധ്യമറിയാൻ യോനീദ്രവത്തിന്റെ സാമ്പിൾ എടുത്തിട്ടുണ്ടെങ്കിൽ വൈദ്യപരിശോധനയ്ക്ക് തൊട്ടു മുമ്പുള്ള ആഴ്ച്ചയിൽ ഉഭയസമ്മതപ്രകാരം നടന്ന ലൈംഗികവേഴ്ച്ചയുടെ വിവരങ്ങൾ ചോദിയ്ക്കും.

**തെളിവെടുപ്പിനായുള്ള വൈദ്യപരിശോധനയിൽ താഴെ പറയുന്ന നടപടികൾ ഉൾപ്പെടും.**

1. വൈദ്യപരിശോധനയ്ക്ക് മുൻപ് അറിയിച്ച പ്രകാരമുള്ള സമ്മതം. മുൻപ് അറിയിച്ച പ്രകാരം വൈദ്യപരിശോധനയ്ക്ക് നിങ്ങളുടെ സമ്മതം ഡോക്ടർ വാങ്ങും. നിങ്ങൾ 12 വയസ്സിനു താഴെയുള്ള കുട്ടിയാണെങ്കിൽ രക്ഷകർത്താവിന്റെയോ മാതാപിതാക്കളുടെയോ സമ്മതമാണ് വാങ്ങുന്നത്.

2. പരിക്കുകൾ രേഖപ്പെടുത്തൽ: നിങ്ങളുടെ ശരീരത്തിൽ ലൈംഗികാതി ക്രമം മൂലമുണ്ടായ പരിക്കുകൾ ഡോക്ടർ പരിശോധിച്ചു രേഖപ്പെടുത്തും. മുറിവുകൾ, രക്തസ്രാവം, നീര്, മൃദുത്വം, സ്രാവം മുതലായവ അവയുടെ വലിപ്പം, സ്ഥാനം, ആകൃതി, നിറം മുതലായവ പരിശോധിച്ചു രേഖപ്പെടുത്തും.

3. കേസന്വേഷണത്തിനായി രാസ പരിശോധന തെളിവുകളുടെ രേഖപ്പെടുത്തൽ ധരിച്ചിരിക്കുന്ന വസ്ത്രം, തലമുടി, ശരീരത്തിലുണ്ടായിരുന്ന മറ്റ് അന്യദ്രവ്യ വസ്തുക്കൾ, ഉമിനീര്, ഗുഹ്യഭാഗത്തെ രോമം, യോനി, മലദ്വാരം, വായ് എന്നിവയിൽ നിന്നെടുത്ത സാമ്പിളുകൾ, രക്ത സാമ്പിളുകൾ, എന്നിവ ഇതിൽ ഉൾപ്പെടും.

4. **രണ്ടുവിരൽ (Two Finger) പരിശോധന നിയമ വിരുദ്ധമാണെന്ന് സുപ്രീം കോടതി പ്രസ്താവിച്ചിട്ടുണ്ട്.** നിങ്ങൾ ലൈംഗിക വേഴ്ച്ചയ്ക്ക് വിധേയയായോ ഇല്ലയോ എന്നത് ലൈംഗികാക്രമണം നടന്നു എന്നതിൽ അപ്രധാനമായ വസ്തുതയാണ്.. യോനി-ലിംഗ പരിശോധന പരിക്കുകൾ കണ്ടുപിടിക്കുന്നതിനും വൈദ്യ പരിചരണത്തിനും വേണ്ടിയാണ് **വൈദ്യ പരിശോധന നടത്തുന്ന ഡോക്ടർ രണ്ടു വിരൽ (Two Finger) പരിശോധന നടത്താൻ തീരുമാനിക്കുകയാണെങ്കിൽ പ്രസ്തുത വൈദ്യ പരിശോധനയ്ക്ക് നിങ്ങൾ വിധേയയാകേണ്ടതില്ല.** എന്നാൽ അത്തരം പരിശോധന നിങ്ങളിൽ നടത്തുകയും അത് മെഡിക്കൽ റിപ്പോർട്ടിൽ പരാമർശിക്കുകയും ചെയ്താൽ വിചാരണ വേളയിൽ കോടതിയെ ധരിപ്പിക്കുകയും പ്രസ്തുത പരിശോധന നിയമ വിരുദ്ധമാണെന്ന് വാദിയ്ക്കാൻ നിങ്ങളുടെ അഭിഭാഷകനെ നിർദ്ദേശിക്കാവുന്നതാണ്.

5. **ബലാത്സംഗം നടന്നോ ഇല്ലയോ എന്ന് ഡോക്ടർക്ക് പറയാൻ സാധിക്കുകയില്ല**. ലൈംഗികാതിക്രമം നടന്നോ ഇല്ലയോ എന്നത് ഒരു നിയമ വിഷയമാണ്. അതല്ലാതെ ചികിത്സാപരമായ നിർണ്ണയമല്ല.

   ചികിത്സാപരമായ കണ്ടുപിടുത്തങ്ങൾ മാത്രമേ വൈദ്യപരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തുകയുള്ളൂ. പ്രസ്തുത വൈദ്യപരിശോധന ഫലത്തിൽ നിങ്ങൾ ഭിന്നശേഷിയുള്ള വ്യക്തിയാണെങ്കിൽ ഡോക്ടർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് വൈദ്യപരിശോധന നടത്തേണ്ടതാണ്.

   I) നിങ്ങൾക്ക് ലളിതമായ ഭാഷയിൽ മനസ്സിലാക്കാവുന്ന രീതിയിൽ ആവശ്യമുള്ള വിവരങ്ങൾ (നടത്താൻ പോകുന്ന പരിശോധനയിൽ എന്തെല്ലാം ഉൾപ്പെടും,. അത് നടത്തുന്നതിന്റെ കാരണങ്ങൾ, പ്രധാനപ്പെട്ട അപകട സാധ്യതകൾ, മറ്റു ബുദ്ധിമുട്ടുകൾ, മുതലായവ നൽകും.

   ii) നിങ്ങൾക്ക് തീരുമാനമെടുക്കാൻ വേണ്ട സമയം നൽകും.

   iii) നിങ്ങൾക്ക് ഒരു സുഹൃത്തിനെയോ സഹപ്രവർത്തകനെയോ പരിരക്ഷകനെയോ വിവരം ധരിപ്പിച്ച് അവരുടെ അഥവാ അയാളുടെ

തീരുമാനം ഡോക്ടറെ അിറയിക്കുന്നതിനുള്ള സഹായം/സംവിധാനം ലഭ്യമാക്കും.

നിങ്ങൾ 18 വയസ്സിനു താഴെയുള്ള ഒരു കുട്ടിയാണെങ്കിൽ ഒരു ലേഡി ഡോക്ടർ തന്നെ വൈദ്യ പരിശോധന നടത്തും ജഛടടഇഛ അഭ്, 27 ാം വകുപ്പ് (2) ഉപവകുപ്പ്.

18. **എനിക്ക് പരാതിപ്പെടാൻ താത്പര്യമില്ല പക്ഷെ വൈദ്യസഹായം ലഭിക്കുവാൻ സാദ്ധ്യതയുണ്ടോ ?**

സൗജന്യ വൈദ്യസഹായം ലഭിക്കുവാൻ നിങ്ങൾക്ക് അവകാശമുണ്ട്. **നിങ്ങൾ ബലാത്സംഗത്തിനു ഇരയായ വ്യക്തിയാണെങ്കിൽ എല്ലാത്തരം ആശുപത്രിയിലും – സർക്കാർ അഥവാ സ്വകാര്യ ആശുപത്രികൾ എത്രയും പെട്ടെന്ന് സൗജന്യ ചികിത്സയോ പ്രഥമ ശുശ്രൂഷയോ, നൽകേണ്ടതാണ്.** (CrPc 357 സി വകുപ്പ്). 2013 ലെ ക്രിമിനൽ നിയമം പാസാക്കിയതിനു ശേഷം അത്തരത്തിൽ ചികിത്സ നിഷേധിച്ചാൽ സർക്കാർ സ്വകാര്യ ആശുപത്രി അധികാരി ഒരു വർഷം വരെയുള്ള തടവിനും പിഴയ്ക്കും അല്ലെങ്കിൽ രണ്ടും കൂടി നൽകപ്പെടാൻ അർഹൻ ആണ്. (IPC, 166 B hlp¸v) Cr.Pc 357 C വകുപ്പ് പ്രകാരം ഇത്തരത്തിൽ ബലാത്സംഗം വിവരം പോലീസിനെ അറിയിക്കാൻ നിയമപരമായി കടപ്പെട്ടിരിക്കുന്നു. POCSO Act, 19(1) വകുപ്പ് പ്രകാരം ഏതൊരു വ്യക്തിയും (ഡോക്ടറോ/ആശുപത്രി അധികൃതരോ) ഒരു കുട്ടിയ്ക്ക് നേരിടേണ്ടിവന്ന ബലാത്സംഗമോ ലൈംഗികാതിക്രമമോ പോലീസിനെ അറിയിക്കാൻ നിയമപരമായി കടപ്പെട്ടിരിക്കുന്നു.

നിങ്ങൾ ലൈംഗികാതിക്രമത്തിനിരയായ കുട്ടിയുടെയോ മുതിർന്ന സ്ത്രീയുടേയോ രക്ഷകർത്താവോ, മാതാവോ, പിതാവോ ആയ നിങ്ങൾ പ്രസ്തുത വിവരം പോലീസിനെ അറിയിക്കാൻ താത്പര്യപ്പെടുന്നില്ല. എങ്കിൽ ആശുപത്രി അധികൃതരേയോ ഡോക്ടറേയോ അറിയിക്കുക. **നിയമപരമായി നിങ്ങൾ അറിയിച്ച വിസ്സമ്മതം പോലീസിനെയോ SJPU (സ്പഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്) നേയോ അറിയിക്കും.**

പ്രത്യേകം സൂചിപ്പിക്കട്ടെ, പലപ്പോഴും ഇതുമായി ബന്ധപ്പെടുന്ന വ്യക്തികളോ/സംഘടനകളോ/സ്ഥാപനങ്ങളോ നിങ്ങൾ അറിയിച്ച പ്രസ്തുത വിസമ്മതം പരിഗണിക്കണമെന്നില്ല. ഉദാഹരണമായി നിങ്ങൾക്ക് ഗുണകരമായ ഒരു പരിക്ക് ഉണ്ടെന്നിരിക്കെ കുറ്റവാളിയെപറ്റി ബന്ധപ്പെട്ടവരെ അറിയിച്ച് വേണ്ട നടപടികൾ എടുക്കേണ്ടത്. നിങ്ങളുടെ സ്വകാര്യതയെ സംരക്ഷിക്കുന്നതിനും മീതെ പ്രാധാന്യമുള്ളതാണ്. **പ്രസ്തുത മുറിവ്/പരിക്ക് മരണകാരണമോ, ആത്മഹത്യ പ്രേരണ നൽകുന്നതോ. മറ്റുതരത്തിൽ മരണത്തിന് പ്രേരിപ്പിക്കുന്നതോ ആകാവുന്ന**

**താണ്.** അതിനാൽ പലപ്പോഴും ഇങ്ങനെയുള്ള കേസ്സുകളിൽ കൗൺസിലിങ്ങും പുനരധിവാസത്തിനുള്ള സേവനങ്ങളും നൽകേണ്ടതാണ്.

നിങ്ങൾ മാതാപിതാക്കളോ, രക്ഷിതാവിനാലോ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന കുട്ടിയാണെങ്കിൽ നിങ്ങളെ കൗൺസിലിങ്ങിനും അതിനു ശേഷം ശിശുക്ഷേമ സമിതിയുടെ മുൻപിൽ ഹാജരാക്കുന്നതാണ്. അതീവ ഗൗരവമുള്ള കേസുകളിൽ പോലീസോ സ്പെഷൽ ജുവനൈൽ പോലീസ് യൂണിറ്റോ നിങ്ങളുടെ അനുമതി കൂടാതെ തന്നെ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്..

19. **അന്വേഷണം അവസാനിപ്പിച്ച ശേഷം എന്താണ് അടുത്ത പടി ?**

പോലീസ് അന്വേഷണം അവസാനിപ്പിച്ച് തുടർ നടപടികൾ ശുപാർശ ചെയ്യാത്തപ്പോൾ 'അന്തിമ റിപ്പോർട്ട്', കോടതി നടപടിക്ക് ശുപാർശ ചെയ്യുന്ന കേസുകളിൽ 'കുറ്റ പത്രവും' വിചാരണയ്ക്ക് മുന്നോടിയായി സമർപ്പിക്കാവുന്നതാണ്. ഇനി പറയുന്നവ പ്രത്യേകം ശ്രദ്ധിക്കുക.

- **കേസ് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയാൽ** ?

കുറ്റാരോപിതനായ ഒരാൾക്കെതിരെ പോലീസ് അന്യായത്തിന് ശുപാർശ ചെയ്യാതിരിക്കുകയോ അഥവാ ആരോപിക്കപ്പെട്ട ഒരു കുറ്റം തന്നെ ഒഴിവാക്കുകയോ ചെയ്താൽ നിങ്ങൾക്ക് പ്രസ്തുത ശുപാർശയ്ക്ക് എതിരായി മജിസ്ട്രേറ്റിന് മുന്നിൽ പരാതി ഉന്നയിക്കുവാൻ അവകാശമുണ്ട്. കുറ്റാരോപണത്തിന് അടിസ്ഥാനമായ വസ്തുതകൾ ഉദാഹരണമായി കുറ്റാരോപണം തെളിയിക്കുന്ന വസ്തുതകൾ/മൊഴികൾ പ്രസ്താവനകളും പോലീസ് ഡയറിയിലെ മറ്റ് രേഖകളും ഉണ്ടെന്നു കണ്ടാൽ മജിസ്ട്രേറ്റ് അത്തരം ശുപാർശ നിരാകരിക്കും.

- **കുറ്റം ആരോപിക്കപ്പെട്ടിട്ടില്ലാത്ത ഒരു വ്യക്തിയുടെ പങ്ക് കുറ്റ പത്രത്തിൽ വെളിവാക്കപ്പെട്ടാൽ**

കുറ്റകൃത്യം പരിഗണിക്കുമ്പോൾ പോലീസ് ശുപാർശ ചെയ്ത പ്രകാരമുള്ള കുററാരോപിതരെ മാത്രമല്ല മജിസ്ട്രേറ്റ് വിളിപ്പിക്കുന്നത്. കുറ്റപത്രം വായിച്ചു ബോദ്ധ്യപ്പെടുമ്പോൾ മറ്റുള്ളവർക്ക് കുറ്റകൃത്യം നടത്തുന്നതിൽ /ചെയ്യുന്നതിൽ പങ്കുണ്ടെന്നു തോന്നുന്ന പക്ഷം അവരേയും വിളിപ്പിക്കാവുന്നതാണ്. കുറ്റപത്രത്തോടൊപ്പം സമർപ്പിച്ച മറ്റു വസ്തുക്കൾ കുറ്റ പത്രത്തിൽ പരാമർശിക്കാത്ത ഏതെങ്കിലും വ്യക്തിയുടെ പങ്ക് വെളിവാക്കുന്ന എങ്കിൽ ടിയാനെ പ്രതിയാക്കുന്നതിനും അയാൾക്കെതിരെ അവരെ മജിസ്ട്രേറ്റിനു മുമ്പിൽ ഹാജരാക്കുവാനും അഭ്യർത്ഥിക്കാവു ന്നതാണ്.

**കൂടുതൽ അന്വേഷണത്തിനായി അപേക്ഷിക്കുക** :

പോലീസ് റിപ്പോർട്ടോ മറ്റെതെങ്കിലുമോ കേസിന്റെ പ്രധാന വസ്തുക്കൾ പരിശോധിച്ചിട്ടില്ല എന്നു വെളിവാക്കുന്നു എങ്കിൽ നിങ്ങളുടെ അപേക്ഷ കേട്ടശേഷം മജിസ്ട്രേറ്റ് പുനഃരന്വേഷണത്തിന് ഓർഡർ നൽകുകയും പ്രസ്തുത പുനരന്വേഷണ റിപ്പോർട്ട് തുടർ നടപടികൾക്കായി മജിസ്ട്രേറ്റിന് സമർപ്പിക്കുകയും ചെയ്യും. **കുറ്റപത്രം സമഗ്രമായി കുറ്റാരോപിതനായ വ്യക്തിക്ക് എതിരല്ല എങ്കിൽ നിങ്ങൾക്ക് ഒരു സ്വകാര്യ അന്യായം സമർപ്പിക്കാവുന്നതാണ്.** ഇത്തരണത്തിൽ നിങ്ങൾക്ക് സ്വന്തം നിലയിൽ കാര്യങ്ങൾ അന്വേഷിക്കാവുന്നതും അധികമായി ശേഖരിക്കുന്ന തെളിവുകൾ കോടതിയിൽ സമർപ്പിക്കാവുന്നതാണ്.

20. **എനിക്ക് ഒരു വക്കീലിനെ വെയ്ക്കാൻ കഴിയില്ല. ഞാൻ എന്തു ചെയ്യും ?**

ലീഗൽ സർവ്വീസ് അതോറിറ്റി ആക്ട് 1987, 12-ാം വകുപ്പു പ്രകാരം എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കും നിയമ സഹായത്തിന് അർഹതയുണ്ട്. നിങ്ങൾക്ക് സ്വന്തം സംസ്ഥാനത്തെ ലീഗൽ സർവ്വീസ് അതോറിറ്റിയെ ഒരു വക്കീലിനെ ഏർപ്പെടുത്താൻ സമീപിക്കാവുന്നതാണ്. അതേ സമയം ഒരു സർക്കാരേതര നിയമ സഹായ സംഘടനയെ (Legal NGO) സമീപിച്ച് വക്കീലിന്റെ സഹായം തേടാവുന്നതോ നിങ്ങൾക്ക് താങ്ങാവുന്ന ഫീസിൽ ഒരു വക്കീലിനെ ഏർപ്പെടുത്തുന്നതിന് സഹായം തേടാവുന്നതോ ആണ്. അന്വേഷണ ഘട്ടം മുതൽ കേസ് അവസാനിക്കുന്നത് വരെയുള്ള ഘട്ടങ്ങളിൽ നിങ്ങൾക്ക് ലഭിക്കാൻ അർഹതയുള്ള നീതിയെ പറ്റി നിങ്ങൾ അവബോധം നൽകുന്നതിന് സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയ്ക്കും, സർക്കാരേതര നിയമ സഹായ സംഘടനയ്ക്കും കഴിയും. നിയമ നീതിന്യായ നിർവ്വഹണ വ്യവസ്ഥകളുമായി നിങ്ങൾ കൂടുതൽ പരിചിതയാക്കുന്നതായി കാണാം.

**കുട്ടികൾക്കുണ്ടാകുന്ന ലൈംഗിക പീഡനത്തിൽ സഹായിയുടെ പങ്ക്.**

നിയമ വൈദ്യ പരിശോധനാ ഘട്ടങ്ങളിലൂടെയുള്ള യാത്ര തീർച്ചയായും പീഡനത്തിനിരയായ കുട്ടിയെ പരോക്ഷമായി വീണ്ടും പീഡിപ്പിക്കുക തന്നെയാണ് ചെയ്യുന്നത്. ഇത്തരം പുനർപീഡനം പലപ്പോഴും ഓരോ ഘട്ടത്തിലുണ്ടാകുന്ന കാലതാമസം പീഡനത്തിന് ഇരയായ കുട്ടി ഒരേ വസ്തുതകൾ പല വ്യക്തികളോടു വിവരിക്കേണ്ടി വരിക തുടങ്ങിയ രൂപത്തിലാണ് കാണപ്പെടുന്നത് ഒരു വ്യക്തിയെ മാത്രം എല്ലാ വിവരങ്ങൾക്കും ബന്ധപ്പെടേണ്ട വിധം ഏകീകരിച്ച ഒരു സംവിധാനത്തിലൂടെ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

POSCO നിയമം Rule , 4(7) പ്രാകാരം ഒരു സഹായിയെ ശിശു സംരക്ഷണ സമിതിയ്ക്ക് (CWC) നിയമിക്കാവുന്നതാണ്. മാതാപിതാക്കളോ രക്ഷിതാവോ കുട്ടിയ്ക്ക് വിശ്വാസമുള്ള ഏതൊരു വ്യക്തിയോ സ്വന്തമായി ഒരു സഹായിയുടെയോ സംഘടനയുടെയോ സഹായത്തോടെ കേസിന്റെ തുടർ

നടപടികൾ പ്രസ്തുത നിയമം അനുസരിച്ചു അവലംബിക്കണം. പ്രത്യേക കോടതിയ്ക്ക് കുട്ടിയുടെ സഹായത്തിനായി ഒരു വ്യക്തിയെ നിയമിക്കാവുന്നതാണ്.

പ്രസ്തുത സഹായി കുട്ടിയെ രക്ഷിതാവിന്റെ/മാതാപിതാക്കൾ മുഖേന കുട്ടിയെ മുഴുവൻ കോടതി / നിയമനടപടികളിലൂടെ കൈ പിടിച്ചു നടത്തേണ്ടതാണ്. അതിനെ മുഴുവനായി ഏകോപിപ്പിക്കുന്ന കണ്ണി എന്ന നിലയിൽ നിയമ നടപടികൾ അവർക്ക്/അവന് കൂടുതൽ അനായാസമാക്കേണ്ടതാണ്.

21. **എനിക്ക് ചോദ്യം ചെയ്യാവുന്ന ഉത്തരവുകൾ എന്തെല്ലാം ?**

പൊതുവെ, അപ്പീലിന് അപേക്ഷിക്കാനുള്ള അവകാശം അവസാന വിധിക്ക് ശേഷമാണ് ആരംഭിക്കുന്നത്. എന്നാൽ ഒരു റിവിഷൻ പെറ്റീഷനിലൂടെ കണ്ടെത്തലുകളുടെയോ ഉത്തരവുകളുടേയോ നിയമ സാധുതയെ ചോദ്യം ചെയ്യാവുന്നതാണ്. എന്തെന്നാൽ അത്തരം ഉത്തരവുകൾ അന്തിമമല്ലാത്ത ഇടക്കാല ഉത്തരവുകളാണ്.

22. **പ്രത്യേകം ശ്രദ്ധിക്കുക**

- ഒരു അന്വേഷണ ഉദ്യോഗസ്ഥൻ തന്റെ ഉത്തരവാദിത്വം നിർവ്വഹിക്കാതെ പ്രതിയെ സഹായിച്ചാൽ നിങ്ങൾക്ക് അയാളുടെ ജാമ്യത്തെ എതിർക്കുകയും അത് നൽകുന്നതിനെ തടസ്സപ്പെടുത്താവുന്നതുമാണ്. ഒരു ജാമ്യമോ. മുൻകൂർ ജാമ്യമോ നൽകിയത് വസ്തുതകളെ മറച്ചു വച്ചാണ് എങ്കിൽ നിങ്ങൾക്ക് ചോദ്യം ചെയ്യാവുന്നതാണ്.
- പ്രതിക്ക് ജാമ്യം നൽകിയത് ആവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കാതെയാണെങ്കിൽ Cr.Pc 482-ാം വകുപ്പ് പ്രകാരം ഹൈക്കോടതിയെ സമീപിച്ച് അതിന്റെ നിക്ഷിപ്ത അധികാരങ്ങൾ ഉപയോഗപ്പെടുത്തി വേണ്ട നടപടിക്രമങ്ങൾ പ്രകാരം നീതിപൂർവ്വമായി നടപ്പാക്കാവുന്നതാണ്.
- അന്വേഷണത്തിനിടയിൽ പാസാക്കുന്ന ഉത്തരവുകൾ Cr.Pc 397ാം വകുപ്പ് (2) ഉപവകുപ്പ് പ്രകാരം ചോദ്യം ചെയ്യാവുന്നതും ഇടക്കാല ഉത്തരവുകൾ ഇല്ലാത്തവയെ 'അപ്പീലോ, അന്വേഷണമോ, വിസ്താരമോ മറ്റ് നടപടികളോ' - നിയന്ത്രിക്കാവുന്നതും അന്വേഷിക്കാവുന്നതുമാണ്.
- കേസ് ഹൈക്കോടതിയിൽ വീണ്ടും പരിഗണിക്കുന്നതിലൂടെ ഉത്തരവിനെ ചോദ്യം ചെയ്യാവുന്നതും കുറ്റകൃത്യം നടത്തുന്നതിന് ആസ്പദമായ വസ്തുതകൾ ഒരു ഉത്തരവിന് മതിയായതാണെന്നും വാദിയ്ക്കാവുന്നതാണ്.

- പ്രതി ഹാജരായി രേഖകളും മൊഴിയും നൽകിയ ശേഷം അയാൾക്ക്/അവർക്ക് കേസ് തള്ളുന്നതിന് മജിസ്ട്രേറ്റിന്റെയോ/ സെഷൻസ് ജഡ്ജിയുടെയോ അവകാശമുണ്ട്. പ്രതികളുടെ വാദം അംഗീകരിച്ചാൽ നിങ്ങൾക്ക് പ്രസ്തുത വിധിയെ ഒരു റിവിഷനിലൂടെ ഹൈക്കോടതിയിൽ ചോദ്യം ചെയ്യാവുന്നതാണ്.

23. **പബ്ലിക്ക് പ്രോസിക്യൂട്ടറുടെ പങ്ക് എന്ത്?**

പോലീസ് റിപ്പോർട്ടിലോ കുറ്റകൃത്യത്തിലോ അധിഷ്ടിതമായ ഒരു കേസിൽ പ്രോസിക്യൂട്ടർ സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്നു.. ലീഗൽ എയ്ഡ് അഭിഭാഷകനോ/യോ, നിങ്ങളുടെ സ്വകാര്യ അഭിഭാഷകനോ/യോ പബ്ലിക്ക് പ്രോസിക്യൂട്ടറുടെ കീഴിൽ വാദിയ്ക്കുന്നത് കേസിന് സഹായ കരമായിരിക്കും. കേസ് വിസ്തരിക്കുന്ന കോടതിയുടെ അനുവാദത്തോടെ യായിരിക്കണം.

**താഴെ പറയുന്നവ പ്രത്യേകം ശ്രദ്ധിക്കുക**

- കേസ് അവസാനിപ്പിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ

  നിയമ നടപടികൾ തുടരേണ്ടതില്ലെന്ന റിപ്പോർട്ട് പോലീസ് നൽകുമ്പോൾ ഇതും ആദ്യം വിവരം നൽകിയ ആളെയും മജിസ്ട്രേറ്റ് കേൾക്കേണ്ടതാണ്. മജിസ്ട്രേറ്റ് ഇരയെ കേട്ടശേ.ഷം അന്തിമ റിപ്പോർട്ടിലെ വസ്തുതകളുടെ അടിസ്ഥാനത്തിലോ കേസ് ഡയറിയുടെ അടിസ്ഥാനത്തിലോ കേസ് പരിഗണിച്ചാൽ പബ്ലിക്ക് പ്രോസിക്യൂട്ടർ കേസിന്റെ ഇൻചാർജ്ജായി കേസിന്റെ അധികാരം ഏറ്റെടുക്കും.

- പ്രോസിക്യൂഷനുള്ള അനുവാദം:

- മജിസ്ട്രേറ്റിനു മുൻപാകെ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് നടത്തിയ (പ്രോസിക്യൂട്ട് ചെയ്ത) ഒരു കേസ് അസാധാരണമായ സാഹചര്യങ്ങളിൽ ഒരു സ്വകാര്യ വ്യക്തിയ്ക്ക് മജിസ്ട്രേറ്റിന്റെ അനുവാദത്തോടെ ഏറ്റെടുത്ത് നടത്താവുന്നതാണ്.

- സെഷൻസ് കോടതിയിൽ വാദിക്കാവുന്ന ഒരു കേസിൽ പബ്ലിക്ക് പ്രോസിക്യൂട്ടർക്കായിരിക്കും പൂർണ്ണ ചുമതല കേസ് സെഷൻസ് കോടതിയുടെ പരിഗണനയിൽ ആയിരിക്കുന്നിടത്തോളം പരാതിക്കാരിക്കും അവളുടെ വക്കീലിനും മജിസ്ട്രേററിനു മുൻപിൽ അന്യായം ബോധിപ്പിക്കാവുന്നതാണ്.. സെഷൻസ് കോടതിയുടെ പരിഗണനയിൽ നിന്ന് കേസ് മാറ്റിയതിനു ശേഷം പബ്ലിക്ക് പ്രോസിക്യൂട്ടറായിരിക്കും കേസിന്റെ പൂർണ്ണ ചുമതല വഹിക്കുന്നത്. മറ്റേത് വക്കീലിനും പബ്ലിക്ക് പ്രോസിക്യൂട്ടറെ സഹായിക്കാവുന്നതാണ്.

- വളരെ പ്രധാനപ്പെട്ട (ഗുരുതരമായ) കേസുകളിൽ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ കാര്യക്ഷമമായി കേസ് വാദിക്കുന്നതാണ്. ഗവൺമെന്റ് സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കാവുന്നതാണ്. പീഡനത്തിന് ഇരയായ വ്യക്തിക്ക് പ്രഗത്ഭയായ വക്കീലിനെ നാമനിർദ്ദേശം ചെയ്യാൻ ഇത്തരം സാഹചര്യങ്ങളിൽ അനുവാദമുണ്ട്.

- പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസ് ആക്ട് (POCSO Act), 32 -ാം വകുപ്പ് പ്രകാരം സംസ്ഥാന ഗവൺമെന്റുകൾ കുട്ടികൾക്കെതിരെ യുണ്ടാകുന്ന ലൈംഗിക കുറ്റകൃത്യങ്ങളിൽ നിർബന്ധമായും സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കേണ്ടതാണ്. സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ അഭാവത്തിലോ ലഭ്യമല്ലാത്ത സാഹചര്യത്തിലോ, ഒരു കേസിന്റെ ചുമതലയിലുള്ള പബ്ലിക്ക് പ്രോസിക്യൂട്ടർക്ക് കേസ് വാദിക്കാവുന്നതാണ്.

- അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യുട്ടർക്ക് സംശയങ്ങൾ എഴുതി ചോദിക്കാം.

    - Cr.Pc 301 വകുപ്പ് പ്രകാരം അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർക്ക് തെളിവെടുപ്പിനു ശേഷം സംശയങ്ങൾ എഴുതി നൽകാവുന്നതാണ്. നിങ്ങളുടെ സ്വകാര്യ വക്കീലിന് പ്രസ്തുത സംശയങ്ങൾ എഴുതി ചോദിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

## എഴുതിയ വാദഗതികൾ

തെളിവെടുപ്പ് അവസാനിച്ചശേഷം കോടതിയുടെ അനുവാദത്തോടെ നിങ്ങളുടെ പേരിൽ എഴുതി നൽകുന്നത് കുറ്റവാളി ശിക്ഷാർഹനാണെന്ന് വിചാരണ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിന് അവലംബിക്കാവുന്ന ശക്തമായ ഒരു മാർഗ്ഗമാണ്. നിങ്ങളുടെ വാദ ഗതികളിൽ താഴെ പറയുന്നവ ഉൾപ്പെടത്തണം.

- എന്തെല്ലാം കാരണങ്ങളാൽ തെളിവുകൾ വിശ്വസനീയമാണ് അഥവാ എന്തെല്ലാം നിസ്സാര വൈരുദ്ധ്യങ്ങളെ അവഗണിക്കണം.

- പ്രതി കുറ്റകൃത്യം ചെയ്തു എന്ന വാദത്തെ ശക്തിപ്പെടുത്തുന്ന തെളിവുകൾ എങ്ങനെ ലഭിക്കും.

- ആശ്രയിക്കാൻ പറ്റുന്ന എന്തെങ്കിലും തെളിവുകൾ എതിർകക്ഷിയുടേത് ഉണ്ടെങ്കിൽ അവ.

- Cr.Pc 313 വകുപ്പ് പ്രകാരം കുറ്റാരോപിതനായ വ്യക്തിയുടെ വസ്തുതകൾ മൊഴി യിൽ കുറ്റകൃത്യം ചെയ്തു എന്നതിന്റെ തെളിവുകളും, പ്രസ്തുത മൊഴിയിൽ എവിടെ യെല്ലാം അവ്യക്തവും യുക്തിസഹമില്ലായ്മയും, എല്ലാം കൂടി ഒന്നിച്ചു തെളിവായി പരിഗ ണിച്ച് കുറ്റം ചുമത്തണം.

- പ്രതിയെ കുറ്റാരോപിതനാക്കുന്നതിനും ഉപോൽബലകമായ മുൻവിധികൾ വ്യക്തമായി സൂചിപ്പിക്കുക.

Cr.Pc 357 വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം പിഴയോ 357-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം അല്ലാതെയോ അനുയോജ്യമാം വണ്ണം ഇരയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനായി വാദിക്കണം.

**ഡൽഹിയിലെ റേപ്പ് ക്രൈസിസ് സെന്ററിന്റെ പങ്ക്.**

ഡൽഹി കമ്മീഷൻ ഫോർ വുമൺ Vs. ഡൽഹി പോലീസ് W.P.(Cr.) 696/2008 ഡൽഹി ഹൈക്കോർട്ട് പറഞ്ഞത് -

- ഒരു ഉദ്യോഗസ്ഥൻ ഒരു പരാതി സ്വീകരിച്ചതിനുശേഷം പ്രതിപാദിച്ചിരിക്കുന്ന ഹെൽപ്പ്ലൈൻ നമ്പറിലൂടെ റേപ്പ് ക്രൈസിസ് സെന്റർ (RCC) ബന്ധപ്പെടാവുന്നതാണ്.
- (RCC - ൽ നിന്നുള്ള വക്കീൽമാർ ആണ് ഡൽഹിയിലെ അതിജീവിച്ച ആളുകളെ പ്രതിനിധീകരിക്കുന്നത്)
- RCC യ്ക്ക് നിയമസാധുതയുള്ള അഭയം നൽകുവാനും അതോടൊപ്പം സാമൂഹിക പ്രവർത്തകർക്കും, കൗൺസിലേഴ്സ്, മാനസിക - ആരോഗ്യ ഉദ്യോഗസ്ഥർ, അഭിഭാഷകർ എന്നിവരും ഉണ്ടായിരിക്കേണ്ടതാണ്.
- കേസിന്മേൽ ഒത്തു തീർപ്പാക്കുന്നതിനുവേണ്ടി, ലൈംഗിക അതിക്രമത്തിന് ഇരയായ വ്യക്തിക്കോ, അവരുടെ കുടുംബാംഗങ്ങൾക്കോ ഭീഷണി ഉള്ളതായി, RCC വക്കീലോ, ഇരയായ വ്യക്തിയോ പിൻതാങ്ങുന്ന വ്യക്തിയോ മുഖേന ജഡ്ജിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ. ഉടൻതന്നെ ACP യ്ക്ക് നിർദ്ദേശം നൽകി രണ്ടു ദിവസത്തിനുള്ളിൽ ഇതിന്മേൽ നടപടിയെടുത്ത് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരവാകുന്നതാണ്.

DCW Vs. ശ്രീ ലളിത് പാണ്ടെ W.P.(Crl) No. 696/2008 ഉം സ്റ്റാൻഡിംഗ് ഓർഡേഴ്സ് നമ്പർ 303/2010 ഡെൽഹി പോലീസ് കമ്മീഷൻ പുറത്തിറക്കിയത് നിർദ്ദേശിക്കുന്നതെന്തെന്നാൽ -

- പരാതി ലഭിച്ചതിൻ പ്രകാരം ഡ്യൂട്ടി ഓഫീസർ വനിത പോലീസ് ഓഫീസറെ വിളിച്ചു വരുത്തി പരാതി രേഖപ്പെടുത്തേണ്ടതാണ്. ഹെഡ് കോൺസ്റ്റബിൾ റാങ്കിൽ കുറയാത്ത ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയുടെ ലഭ്യത എസ്.എച്ച്.ഒ. ഉറപ്പുവരുത്തേണ്ടതാണ്.

- വനിതാ ഉദ്യോഗസ്ഥരുടെ ലഭ്യതക്കുറവ്:- മറ്റു സ്റ്റേഷനുകളിൽ നിന്നും വനിതാ പോലീസ് ഉദ്യോഗസ്ഥരെ ലഭ്യമാക്കി ഉദ്യമം പൂർത്തീകരിക്കേണ്ടതാണ്.
- പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ഓഫീസർ, നൽകിയിരിക്കുന്ന ഹെൽപ്പ് ലൈൻ നമ്പർ മുഖേന ആർ.സി.സി.യെ വിവരം ധരിപ്പിക്കേണ്ടതാണ്.
- ഇതുപ്രകാരം ആർ.സി.സി. ബന്ധപ്പെട്ട ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ (CIC)-നെ വിവരമറിയിക്കുകയും ഇവർ ഒരു കൗൺസിലറെ പോലീസ് സ്റ്റേഷനിലേക്ക യക്കുകയും ചെയ്യേണ്ടതുണ്ട്.
- CIC കൗൺസിലർ സർവൈവറിന് കൗൺസിലിംഗ് നൽകേണ്ടതാണ്. രാത്രി കാലഘട്ടങ്ങ ളിലാണ് കൗൺസിലറുടെ ആവശ്യം വരുന്നതെങ്കിൽ പോലീസ് ഇവർക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
- കൗൺസിലർ എത്തുന്നതിന് വിസമ്മതിക്കുകയോ അല്ലെങ്കിൽ അനാവശ്യ താമസം ഉണ്ടാ ക്കുകയോ ചെയ്താൽ ഈ വിവരം ആർ.സി.സി.യെ അറിയിക്കുകയും പകരം മറ്റൊരു കൗൺസിലറെ കണ്ടെത്തി ഉദ്യമം പൂർത്തീകരിക്കേണ്ടതാണ്.

കുറ്റവാളിയെ ചോദ്യം ചെയ്തശേഷം (വകുപ്പ് 164(2)) കുറ്റസമ്മതം മറ്റാരാലും പ്രേരിതമ ല്ലെന്നും കുറ്റവാളി സ്വമേധയാ നൽകുന്നതാണെന്നും ഉറപ്പു വരുത്തിയതിനുശേഷം മാത്രം കുറ്റസമ്മതം രേഖപ്പെടുത്തുന്നതിന് മജിസ്ട്രേറ്റ് ബാദ്ധ്യസ്ഥനാണ്.

അങ്ങിനെയുള്ള കുറ്റസമ്മതങ്ങൾ ഓഡിയോ അഥവാ വീഡിയോ ആയി കുറ്റവാളി യുടെ അഭിഭാഷകന്റെ സാന്നിദ്ധ്യത്തോടു കൂടി രേഖപ്പെടുത്താവുന്നതാണ്.

മജിസ്ട്രേറ്റിന്റെ സ്ഥാനം കല്പിച്ചുനൽകിയിരിക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന് 164(1) പ്രകാരമുള്ള കുറ്റസമ്മതം രേഖപ്പെടുത്താൻ അവകാശമില്ല.

24. **കേസിന്റെ വിസ്താരസമയത്ത് എന്താണ് സംഭവിക്കുന്നത്?**

ഒരു ക്രിമിനൽ കേസിലെ പ്രധാന നടപടിക്രമമാണ് വിസ്താരം. മിക്ക കേസുകളിലും കോടതിയിൽ വച്ച് രേഖപ്പെടുത്തിയ തെളിവുകളായിരിക്കും അന്തിമ വിധിയ്ക്ക് അടി സ്ഥാനം. താഴെ പറയുന്നവ ദയവായി ശ്രദ്ധിക്കുക.

(i) ഓർമ്മ പുതുക്കൽ: പ്രതിക്കൂട്ടിൽ കയറി ഓർമ്മ പുതുക്കിയ ശേഷം Cr.Pc 161-ാം വകുപ്പ് പ്രകാരം പോലീസിനു നൽകിയത് ഉൾപ്പടെ മുമ്പ് നൽകിയ മൊഴികൾ ഓർമ്മിച്ചെടുക്കുക. കുറ്റകൃത്യം നടന്ന് വളരെ നാളുകൾക്കുശേഷ മാണ് മൊഴി രേഖപ്പെടുത്തിയതെങ്കിൽ വീണ്ടും തെളിവുകൾ നൽകുന്നതിനു മുമ്പ് ഓർമ്മ പുതുക്കേണ്ടതാണ്.

(ii) അപ്രസക്തമായ ചോദ്യങ്ങൾ അനുവദനീയമല്ല. പ്രധാന പരിശോധനയിൽ, പബ്ലിക് പ്രോസിക്യൂട്ടർ ഉത്തരമായി വ്യാഖ്യാനിക്കപ്പെടാവുന്ന ചോദ്യങ്ങൾ കേസ് വിസ്താരസമയത്ത് നിങ്ങൾക്ക് നേരെ ഉയർന്നേക്കാം.

- വസ്തുക്കളുമായി ബന്ധമില്ലാത്ത മാന്യമല്ലാത്തതും വ്യാഖ്യാനിക്കപ്പെടാവുന്ന തുമായി ചോദ്യങ്ങൾ കോടതി അനുവദിക്കുകയില്ല.
- വ്യക്തിഹത്യാപരവും അപകീർത്തികരവും ആയ ചോദ്യങ്ങൾ കോടതി നിരോധിയ്ക്കാം.
- ഏതുതരം ചോദ്യങ്ങളാണ് ഒരു സാക്ഷിയോടേ ചോദിക്കാൻ പാടില്ലാത്ത തെന്ന് കോടതി തീരുമാനിക്കും.
- ഒരു സാക്ഷി എന്ന നിലയിൽ നിങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന തരം ചോദ്യങ്ങൾ പ്രതിഭാഗം വക്കീൽ ചോദിക്കുവാൻ സാദ്ധ്യയുള്ളതിനാൽ കേസിലെ വസ്തുതകളുമായി കഴിയുന്നത്ര സ്ഥിരമായ ഒരു നിലപാട് അവ ലംബിക്കണം.
- Cr.Pc 327-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം ഒരു ബലാൽസംഗ കേസിന്റെ വിചാരണ അടച്ചിട്ട കോടതി മുറിയ്ക്കുള്ളിൽ നടത്തേണ്ടതാണ്. ഏതെങ്കിലും അധികാരപ്പെടുത്തിയ ജഡ്ജിയ്ക്ക് ഒരു അപേക്ഷ മുഖാന്തിരം ഏതെങ്കിലും വ്യക്തിയെ കോടതി കെട്ടിടത്തിലോ കോടതി മുറിയിലോ പ്രവേശിക്കുന്നതിനോ/നിൽക്കുവാനോ അനുവാദം നൽകേണ്ടതാണ്.
- ഇന്ത്യൻ എവിഡൻസ് ആക്ട് 1872 (IEA) യിലെ ചില പ്രസക്തമായ വകുപ്പുകൾ
- കോടതി വ്യവഹാരങ്ങളിൽ, ബലാത്സംഗത്തിന് ഇരയായ വ്യക്തിയുടെ സമ്മതമില്ലായ്മ:- ഇന്ത്യൻ എവിഡൻസ് ആക്ടിലെ ചില അനുമാനങ്ങൾ - ക്ലോസ് (a)-(b) -ന്റെ ഉപവകുപ്പ്, 2-ാം വകുപ്പ്, 376 IPC (വകുപ്പ് 114 F, ഇന്ത്യൻ എവിഡൻസ് ആക്ട്).
- ഐ.പി.സി വകുപ്പുകൾ 354, 354A, 354B, 354C, 376, 376A, 376B, 376C, 376D, 376E പ്രകാരമുള്ള കുറ്റകൃത്യങ്ങളിലോ, പ്രസ്തുത വകുപ്പുകളിൽപ്പെട്ട കുറ്റം ചെയ്യാൻ ശ്രമിക്കപ്പെട്ട കേസ്സുകളിലോ, കേസ് നടപടികൾക്ക് ഇരയുടെ സമ്മതം ഒരു പ്രശ്നമായി വന്നാൽ അവൾ കേസ് നടപടികൾക്ക് അനുവാദം തന്നു എന്ന് തീരുമാനിക്കുന്നതിന് അവളുടെ സ്വഭാവമോ പൂർവ്വ ലൈംഗികാനുഭവമോ പരിചയമോ പ്രസക്തമല്ല (ഇന്ത്യൻ എവിഡൻസ് ആക്ട് (IEA) വകുപ്പ് 53A).

- ഐ.പി.സി 376, 376A, 376B, 376C, 376D, 376E വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങളിലോ, പ്രസ്തുത കുറ്റകൃത്യങ്ങൾ ചെയ്യാൻ ശ്രമിച്ച കേസുകളിലോ, പീഢനത്തിരയായ സ്ത്രീയുടെ അനുമതി ഒരു പ്രശ്നമാകുമ്പോൾ പൊതുവെ അവളുടെ സദാചാരമോ അവൾക്ക് മുമ്പ് ഏതെങ്കിലും വ്യക്തിയുമായിട്ടുള്ള പൂർവ്വ ലൈംഗികാനുഭവമോ ചോദ്യം ചെയ്യലിലൂടെയോ പ്രധാന തെളിവുകൾ നിരസിക്കുന്നതിലൂടെയോ തെളിയിക്കാൻ പാടില്ലാത്തതാകുന്നു. (ഐ.ഇ.ഏ. 146 – ാം വകുപ്പ്).
- സംസാരശേഷിയില്ലാത്ത സാക്ഷിയുടെ മൊഴി എടുക്കുമ്പോൾ അവൾക്ക് ഒരു തർജ്ജിമക്കാരി / ന്റെ സഹായത്തോടെയോ അതിനായി പ്രത്യേകം പരിശീലനം സിദ്ധിച്ച ആളുടെയോ സഹായത്തോടെ വാക് വിനിമയം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും മാർഗ്ഗത്തിൽ എഴുതിയോ, ആംഗ്യഭാഷയിലോ ഒരു തുറന്ന കോടതിയിൽ മൊഴി നൽകുവുന്നതാണ്.
- കേസ് വിസ്താരത്തിൽ നിങ്ങളുടെ പ്രധാന ചുമതല തെളിവുകൾ നൽകുക എന്നതാണെങ്കിലും നിങ്ങളുടെ കേസിന്റെ ഗതിവിഗതികൾ എങ്ങനെ എന്ന് കൃത്യമായി അറിഞ്ഞിരിക്കേണ്ടതാണ്. ഏതു സാക്ഷി കേസിനെ അനുകൂലിച്ച് സാക്ഷി വിസ്താര വേളയിൽ ചോദ്യങ്ങൾക്ക് മറുപടി നൽകി, ഏത് സാക്ഷി കൂറു മാറി, അഥവാ വാദിയുടെ  ആക്ഷേപങ്ങളെ സംബന്ധിച്ച് സംശയങ്ങൾ ഉണ്ടാക്കി പഴയ മേൽ വിലാസം മാറിയതിനാൽ ഏത് സാക്ഷിയെ വിസ്താരിക്കാൻ കഴിഞ്ഞില്ല, എന്നിങ്ങനെ നിങ്ങൾക്ക് കേസിന്റെ വാദത്തെ ഇനി പറയുന്ന വിധം സഹായിക്കാൻ കഴിയും.
- ഏതെങ്കിലും സാക്ഷിയ്ക്ക് അയച്ച അറിയിപ്പ് (സമൻസ്) മടങ്ങുകയും നിങ്ങൾക്ക് പ്രസ്തുത വ്യക്തിയുടെ / കളുടെ വിവരങ്ങൾഅറിവുള്ളതുമാണെങ്കിൽ പ്രസ്തുത വിവരം എഴുതി നൽകുന്നതിലൂടെ അത്തരം സാക്ഷികളുടെ ഹാജർ ഉറപ്പാക്കുന്നതാണ്.
- കേസിൽ പരാമർശിച്ചിട്ടില്ലാത്ത ഒരു പ്രധാന സാക്ഷി ഉണ്ടെങ്കിൽ ആ വിവരം കോടതിയെ അറിയിച്ച് പ്രസ്തുത വ്യക്തിയെ തെളിവെടുപ്പിന് ഹാജരാക്കുവാൻ അഭ്യർത്ഥിക്കാവുന്നതാണ്.
- വാദി ഭാഗത്തെ തെളിവെടുപ്പ് പൂർത്തിയാക്കിയശേഷം പ്രതിയോടു ചോദിക്കേണ്ട ചോദ്യങ്ങൾ തയ്യാറാക്കുന്നതിന് കോടതിയെ സഹായിക്കുവാൻ നിങ്ങളുടെ വക്കീലിനോടു നിർദ്ദേശിക്കാവുന്നതാണ്. അങ്ങനെ കുറ്റം ചെയ്യുന്നതിന് ആസ്പദമായ വസ്തുതകളും സാഹചര്യങ്ങളും പ്രതിയോട് / പ്രതികളോട് കൃത്യമായും വ്യത്യസ്തമായും ചോദിച്ച് വിശദീകരണം തേടാവുന്നതാണ്.

- നിങ്ങൾ നിരത്തിയ തെളിവുകളെ പ്രതി എതിർത്താൽ സാക്ഷികളുടെ ഒരു പട്ടിക സമർപ്പിക്കുകയും ചെയ്താൽ നിങ്ങൾ എതിർസാക്ഷികൾക്കെതിരെയുള്ള പ്രസക്തമായ വിവരങ്ങൾ / തെളിവുകൾ മുൻകൂട്ടി തന്നെ നിങ്ങളുടെ വക്കീലിനോട് അറിയിക്കാവുന്നതാണ്. അങ്ങനെ നിങ്ങളുടെ വക്കീൽ പ്രസ്തുത വിവരങ്ങൾ സർക്കാർ വക്കീലിനെ തക്ക സമയത്ത് അറിയിക്കുന്നതും എതിർ സാക്ഷികളെ വിശദമായി വിസ്തരിക്കുന്നതുമാണ്.

**കുറ്റം തെളിയിക്കപ്പെട്ടശേഷം വിധിന്യായം**

കുറ്റം തെളിയിക്കപ്പെട്ട ശേഷം വാദി ഭാഗം പ്രമാദമായ കേസ്സുകളിൽ കഠിന ശിക്ഷ നൽകുന്നതിനായി വാദിക്കും എന്നാൽ സാധാരണയായി ശിക്ഷയുടെ കാഠിന്യം കോടതിയുടെ തീരുമാനത്തിനു വിടുകയാണ് പതിവ്. ഏതു സാഹചര്യത്തിലും കുറ്റം തെളിഞ്ഞ് കുറ്റവാളിക്ക് ശിക്ഷയെപ്പറ്റി തന്റെ ഭാഗം കേൾക്കുന്നതിന് കോടതി അനുഭാവപൂർണ്ണമായ ഒരു അവസരം നൽകും. എന്നാൽ കുറ്റവാളിയുടെ സ്വഭാവ ശുദ്ധിയെ സാക്ഷികരിച്ച വ്യക്തിയെ വിസ്തരിക്കുന്നതും പ്രതിയുടെ ദു:സ്വഭാവം ഒരു പ്രധാന തെളിവായി അവശേഷിക്കുകയും ചെയ്യും.

25. **കുട്ടി സാക്ഷികൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണനന ഉണ്ടോ?**

അതെ, പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് സെക്ഷ്വൽ ഒഫൻസ് ആക്ട് (ജഛഇടഇഛ അരമ) പ്രകാരം സ്ഥാപിതമായിട്ടുള്ള പ്രത്യേക കോടതികൾക്ക് പ്രത്യേക നടപടികളും, അധികാരികളുമുണ്ട്. അവ പ്രത്യേകിച്ചും താഴെ പറയുന്നവ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(a) സർക്കാർ നിയമിച്ച പ്രത്യേക വക്കീൽ (സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ) അഥവാ പ്രതിക്കായി ഹാജരാകുന്ന വക്കീൽ കുട്ടിയോട് ചോദിക്കാനുള്ള ചോദ്യങ്ങൾ പ്രത്യേക കോടതിയിൽ സമർപ്പിക്കേണ്ടതും, പ്രസ്തുത കോടതി അത് കുട്ടിയോടു ചോദിക്കുന്നതുമാണ്.

(b) പ്രത്യേക കോടതി കുട്ടിക്ക് ഇടയ്ക്കിടെ വിസ്താരത്തിനയിൽ ഇടവേളകൾ നൽകും.

(c) കുട്ടിയുടെ കുടുംബാംഗം, രക്ഷിതാവ്, സുഹൃത്ത്, ബന്ധു തുടങ്ങിയ ആരിലാണോ കുട്ടിക്ക് വിശ്വാസമുള്ളത് അവർ സന്നിഹിതരാകുവാൻ അനുവദിക്കും.

(d) കോടതിയിൽ ഉത്തരം നൽകുന്നതിന് കുട്ടിയെ പല പ്രാവശ്യം വിളിപ്പിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തും.

(e) നിശിതമായ ചോദ്യങ്ങൾ ഒഴിവാക്കുക. കുട്ടിയുടെ സ്വഭാവ ഹത്യയ്ക്കുതകുന്ന തരം ചോദ്യങ്ങൾ ഉയർത്തുക. കുട്ടിയുടെ അന്തസ്സിനെ നിലനിർത്തുക തുടങ്ങിയ കാര്യങ്ങൾ എല്ലായ്പ്പോഴും പാലിക്കപ്പെടും.

(f) അന്വേഷണ വിസ്താരഘട്ടങ്ങളിൽ കുട്ടിയുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുകയില്ലെന്ന് ഉറപ്പു നൽകും.

ഡൽഹി ഹൈക്കോടതിയുടെ കമ്മിറ്റി ക്രിമിനൽ കേസ്സുകളിൽ തെളിവെടുപ്പിന് വിധേയരാകുന്നവർക്കായുള്ള നിയമാവലികളിൽ താഴെ പറയുന്നവ ഉൾപ്പെടുത്തിയിരിക്കുന്നു.

- മാതാപിതാക്കളുടേയോ കുട്ടിയ്ക്ക് വിശ്വാസമുള്ള മറ്റു വ്യക്തിയുടെയോ സാന്നിദ്ധ്യത്തിൽ വിചാരണ അടച്ചിട്ട കോടതി മുറിയ്ക്കുള്ളിൽ ആയിരിക്കണം. പ്രത്യേക കോടതിയുടെ അനുവാദത്തോടെയല്ലാതെ യാതൊരു മാധ്യമ റിപ്പോർട്ടിലും കുട്ടിയുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തരുത്.
- പ്രത്യേക കോടതി കേസ് പരിഗണനക്കെടുത്ത് മുപ്പത് ദിവസത്തിനകം കുട്ടിയുടെ തെളിവെടുപ്പും റെക്കോർഡ് ചെയ്യേണ്ടതാണ്. താമസമുണ്ടായാൽ കോടതി അതിന് കാരണം കാണിക്കേണ്ടതാണ്.
- തെളിവെടുപ്പു വേളയിൽ കുട്ടി കുറ്റാരോപിതനെ കാണുന്നില്ല എന്ന് ഉറപ്പു വരുത്തണം. അത്തരം തെളിവെടുപ്പിന് താഴെ പറയുന്നവ കാരണമായി പാലിക്കേണ്ടതാണ്.

    (i) കോടതി മുറിയും കുട്ടി ഇരിക്കുന്ന മുറിയും തമ്മിൽ ലൈവ് വീഡിയോ ലിങ്കും, വീഡിയോ കോൺഫറൻസ് സൗകര്യങ്ങൾ മുഖാന്തിരം ബന്ധിപ്പിക്കുക. മാനസികമായി വൃണപ്പെട്ടതോ വളരെ ചെറിയ പ്രായത്തിലുള്ളതോ ആയ കുട്ടി കോടതി ചുറ്റുപാടുകളും പ്രതിയേയും കണ്ട് അമ്പരക്കുന്നത് ഒഴിവാക്കാൻ ഇത് സഹായിക്കും. കോടതി മുറിയിലുള്ള എല്ലാവർക്കും കുട്ടിയെ കാണാമെങ്കിലും കുട്ടി പ്രതിയെ കാണാത്തവിധമായിരിക്കണം വീഡിയോ ലിങ്കും വീഡിയോ കോൺഫറൻസിംങ്ങും സൗകര്യവും ഒരുക്കേണ്ടത്. അതുപോലെതന്നെ ഒരോ മുറിയിലും നടക്കുന്നത് മറ്റുള്ള മുറിയിലുള്ളവർക്ക് കേൾക്കാൻ കഴിയണം.

    (ii) കുട്ടിയുടെ മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷിതാവ്, കുട്ടിയ്ക്ക് വിശ്വാസമുള്ള സുഹൃത്ത് അല്ലെങ്കിൽ ബന്ധു, ശിശുക്ഷേമസമിതി നിയോഗിച്ച വ്യക്തി, പരിഭാഷകൻ അഥവാ വ്യാഖ്യാതാവ്, വൈകല്യമുള്ള കുട്ടികളുടെ ശിക്ഷണത്തിനു പ്രത്യേകം പരിശീലനം സിദ്ധിച്ച വ്യക്തി (സ്പെഷൽ എഡ്യുക്കേറ്റർ), കുട്ടികളുടെ ആശയ വിനിമയ രീതികൾ നന്നായി പരിചയമുള്ള വ്യക്തിയോ, ആ മേഖലയിൽ കുട്ടിയുടെ ക്ഷേമത്തിനുതകുന്ന വൈദഗ്ദ്ധ്യമുള്ള വ്യക്തി, കുട്ടിയുടെ ക്ഷേമത്തിനും, നന്മയ്ക്കും ആവശ്യമെന്ന് കോടതി പ്രഖ്യാപിച്ച വ്യക്തിയോ, സർക്കാരിതര സംഘടനയുടെ (എൻ.ജി.ഒ.) പ്രതിനിധി / മനഃശാസ്ത്രം, സാമൂഹ്യസേവനം, മാനസിക ശാരീരികാരോഗ്യം, കുട്ടികളുടെ വികാസം എന്നിവയിലെ വിദഗ്ദ്ധർ,

പ്രൊഫഷണലുകൾ, പ്രത്യേക വൈദഗ്ദ്ധ്യം സിദ്ധിച്ച വ്യക്തികൾ, ലൈവ് വീഡിയോ ലിങ്ക് വീഡിയോ കോൺഫറൻസിംഗ് സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വ്യക്തികൾ എന്നിവർ മാത്രമേ ഈ മുറിയിൽ ഉണ്ടാകേണ്ടതുള്ളൂ. വീഡിയോ കോൺഫറൻസിംങ് മുഖാന്തിരം ഇത്തരം തെളിവെടുപ്പു റെക്കാർഡ് ചെയ്യാത്ത സാഹചര്യത്തിൽ ജഡ്ജി, പ്രതി, പ്രത്യേകം നിയോഗിക്കപ്പെട്ട വക്കീൽ, എതിർഭാഗം വക്കീൽ, കുട്ടികളുടെ വക്കീൽ, കേസിൽ സാക്ഷികളല്ലാത്ത പോലീസ് ഉദ്യോഗസ്ഥർ, കോടതി ഭരണ വിഭാഗം ജീവനക്കാർ എന്നിവർ കോടതിയിൽ ഉണ്ടാകാവുന്നതാണ്.

(iii) കുട്ടിയായ ഒരു സാക്ഷിയെ വിസ്തരിച്ച് വീണ്ടും വിസ്തരിക്കുമ്പോൾ (ക്രോസ് എക്സാമിനേഷൻ) ഒരു വീഡിയോ മോണിറ്ററിലേക്ക് അത് പകർത്തി കോടതി മുറിയിലുള്ളവർക്ക് നൽകുന്നതാണ്.

(iv) സാക്ഷീകരണത്തിന് സഹായകരമായ വസ്തുക്കൾ അതായത് പാവകൾ, കളിപ്പാവകൾ, അഥവാ യന്ത്രപ്പാവുകൾ, ചിത്രങ്ങൾ, പ്രതിമകൾ അല്ലെങ്കിൽ അനുയോജ്യമായ വ്യാഖ്യാനം നൽകുവാൻ പര്യാപ്തമായ ഉപകരണങ്ങൾ എന്നിവ സ്പെഷ്യൽ (പ്രത്യേക) കോടതിയിൽ ഉണ്ടായിരിക്കണം. സാക്ഷീകരണത്തിന് സഹായകരമായ വസ്തുക്കൾ കുട്ടിയുടെ മുറിയിൽ സൂക്ഷിച്ചിരിക്കണം.

(v) **കുട്ടിയുടെ മുറി**

- പ്രത്യേക കോടതിക്കു മുമ്പിൽ സാക്ഷീകരണത്തിന് തന്റെ ഊഴം കാത്തിരിക്കുന്ന കുട്ടിയെ കളിപ്പാട്ടങ്ങൾ, പുസ്തകങ്ങൾ, ചിത്രം വരയ്ക്കാനുള്ള സാമഗ്രികൾ, വിനോദ ഉപകരണങ്ങൾ, മുറിക്കുള്ളിൽ സാദ്ധ്യമായ കളികൾ (ഇൻഡോർ ഗെയിമുകൾ) എന്നിവ കൊണ്ട് സജ്ജീകരിച്ചു മുറിയിലിരുത്തേണ്ടതാണ്.
- കുട്ടികളുടെ കാത്തിരിപ്പു മുറിക്ക് ടോയ്ലെറ്റ് (കക്കൂസ്) സൗകര്യം, കുടിവെള്ളം, വൈദ്യുതി, വെളിച്ചം, വായു സഞ്ചാരം, കാലാവസ്ഥാനുസൃതമായ താപനില ക്രമീകരണം, ആവശ്യമായ ആഹാരം നൽകുന്നതിനുള്ള സൗകര്യം എന്നിവയാൽ കുട്ടിയ്ക്ക് സുഖപ്രദമായ അന്തരീക്ഷമായിരിക്കണം.
- കുട്ടികളുടെ കാത്തിരിപ്പ് മുറിക്ക് കുട്ടിയുടെ സംരക്ഷണത്തിന് കാവൽ ഉണ്ടാകേണ്ടതും, പ്രതി, പ്രതിഭാഗം വക്കീൽ, കുട്ടിയുടെ താത്പര്യത്തിന് വിരുദ്ധമാകാവുന്ന മറ്റേതെങ്കിലും വ്യക്തി എന്നിവരുടെ പ്രവേശനം തടയേണ്ടതാണ്.

(iv) **പലവക**

- സാക്ഷീകരണ സമയത്ത് കുട്ടിക്ക് വൈകാരികമായ സംരക്ഷണത്തിന് പുതപ്പ്, കളിപ്പാട്ടം, പാവ മുതലായവ അനുവദിക്കാവുന്നതാണ്.
- കോടതിയുടെ ചുമതലയുള്ള ജഡ്ജി ഔദ്യോഗിക വസ്ത്ര ധാരണ രീതി ഒഴിവാക്കി കുട്ടി, തന്നെ ഒരു സുഹൃത്തോ, അഭ്യുദയകാംക്ഷിയോ ആയി കാണത്തക്കവിധം ഒരു മാനസികാകൽച്ചയോ തടസ്സമോ ഉണ്ടാകാത്തവണ്ണം അനുയോജ്യമായ സ്ഥലത്ത് ഇരിക്കേണ്ടതാണ്.

26. **സ്വന്തം ഭർത്താവിനാൽ ബലാത്സംഗം ചെയ്യപ്പെട്ട ഒരു മുതിർന്ന സ്ത്രീയാണ് ഞാൻ, ഗാർഹിക പീഢന നിരോധന നിയമം 2005 പ്രകാരം എന്റെ അവകാശങ്ങൾ എന്തെല്ലാം?**

നിങ്ങൾക്ക് താഴെപറയുന്ന അവകാശങ്ങൾ ഉണ്ട്.

- **താമസിക്കാനുള്ള അവകാശം (ഗാർഹിക പീഢന നിരോധന നിയമം, 17 – ാം വകുപ്പ്)**

  **തനിക്ക് അവകാശമോ, ഉടമസ്ഥതയോ, പങ്കാളിത്തമോ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഗാർഹിക ബന്ധത്തിലുള്ള ഏതൊരു സ്ത്രീയ്ക്കും മറ്റു കുടുംബാംഗങ്ങൾ താമസിക്കുന്ന വീട്ടിൽ താമസിക്കുന്നതിന് അവകാശമുണ്ട്.** നിങ്ങളെ ആ വീട്ടിൽ നിന്നോ വീടിന്റെ ഭാഗമായിടത്തു നിന്നോ പുറത്താക്കുന്നത് ഒഴിവാക്കുന്നതിന് നിയമ സംരക്ഷണം ഉണ്ട്.

- **സംരക്ഷണ ഉത്തരവുകൾ (ഗാർഹിക പീഢന നിരോധന നിയമം 18 – ാം വകുപ്പ്)**

  നിങ്ങളുടെ ഭർത്താവ് ഗാർഹികമായി പീഢിപ്പിക്കുകയോ, അതിനു സഹായിക്കുകയോ, കൂട്ടു നിൽക്കുകയോ ഉത്തരവിൽ പറഞ്ഞ പ്രകാരം മറ്റേന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുന്നത് തടയുന്നതിനു സംരക്ഷണ ഉത്തരവ് അവകശപ്പെടുന്നതാണ്. ആശ്രിതർ, മറ്റു ബന്ധുക്കൾ, നിങ്ങളെ സഹായിക്കുന്നവർ എന്നിവരുടെ സംരക്ഷണം, സംരക്ഷണ ഉത്തരവ് മൂലം ലഭ്യമാകുന്നു.

  **സംരക്ഷണ ഉത്തരവിന്റെ ലംഘനം ഗാർഹിക പീഢന സംരക്ഷണ നിയമം 31 – ാം വകുപ്പ് പ്രകാരം ശിക്ഷാർഹ വും കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തതും, മനഃപ്പൂർവ്വമാണ്.**

  സാമ്പത്തിക ആശ്വാസം (ഗാർഹിക പീഢന നിരോധന നിയമം 20 - ാം വകുപ്പ്) പ്രകാരം വൈദ്യ സഹായം, നിത്യചെലവ്, മറ്റു കഷ്ടനഷ്ടങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക ആശ്വാസം ഉണ്ട് (ഉദാഹരണമായി ഗർഭച്ഛിദ്ര ചെലവ് മുതലായവ)

**താമസത്തിനുള്ള ഉത്തരവ്**

കുടുംബാംഗങ്ങൾ ഒന്നിച്ചു താമസിക്കുന്ന വീട്ടിൽ നിങ്ങൾക്കുള്ള അവകാശത്തെ തടസ്സപ്പെടുത്തുന്നതിനോ, നിങ്ങൾ വീടിന്റെ ഏതെങ്കിലും ഭാഗത്തു പ്രവേശിക്കുന്നതോ

തടയുന്നത് തടസ്സപ്പെടുത്തുക എന്നിവയെ നിയന്ത്രിക്കുന്ന ഉത്തരവുകൾ 19-ാം വകുപ്പു പ്രകാരം നൽകാവുന്നതാണ്. അതുപോലെ തന്നെ എതിർകക്ഷി ഒന്നിച്ചു താമസിക്കുന്ന വീട്ടിൽ നിന്ന് സ്വയം മാറി നിൽക്കുന്നതിന് നിർദ്ദേശിക്കുക, കൈമാറ്റം ചെയ്യുന്നതു തടയുക, ഒന്നിച്ചു താമസിക്കുന്ന വീട് വിൽക്കുന്നതു തടയുക അല്ലെങ്കിൽ നിങ്ങൾക്ക് ബദൽ താമസ സൗകര്യം ലഭിക്കുന്നതിനു ഉത്തരവു സമ്പാദിക്കാവുന്നതാണ്.

- ഗാർഹിക പീഢന നിരോധന നിയമം 21-ാം വകുപ്പു പ്രകാരം കുട്ടിയുടെ താത്ക്കാലിക രക്ഷാകർതൃത്വം.
- ഗാർഹികപീഢന നിമിത്തം ഉണ്ടായ പരിക്കുകൾക്ക് നഷ്ടപരിഹാരം (ഉദാഹരണമായി മാനസികമായ മുറിവുകൾ) ഗാർഹിക പീഢന നിരോധന നിയമം 22-ാം വകുപ്പു പ്രകാരം നൽകാവുന്നതാണ്.

## പട്ടിക 1: ഇന്ത്യൻ പീനൽ കോഡിന് കീഴിലുള്ള കുറ്റകൃത്യങ്ങളും അവയുടെ ശിക്ഷാ നടപടികളും (1860)

| കുറ്റകൃത്യവും, വിശദീകരണവും | IPC യുടെ കീഴിൽ വരുന്ന ശിക്ഷാനടപടികൾ |
|---|---|
| **354A വകുപ്പ്**<br>ഒരു പുരുഷന് ചെയ്യുന്ന, താഴെ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു പ്രവർത്തി ലൈംഗിക പീഢനത്തിൽ ഉൾപ്പെടുന്നു; (i) ശാരീരിക സ്പർശവും, സ്വാഗതാർഹ മല്ലാത്തതും വ്യക്തവുമായ ലൈംഗിക പ്രസ്താവനകൾ ഉൾക്കൊള്ളുന്ന മുന്നേറ്റങ്ങൾ (ii) ലൈംഗികപരമായ ഉപകാരം ചെയ്യാനുള്ള അപേക്ഷയോ ആവശ്യമോ; (iii) സ്ത്രീയുടെ താല്പര്യത്തിനെതിരായി ഉള്ള അശ്ലീല പ്രദർശനം; (iv) ലൈംഗിക ചുവയുള്ള അഭിപ്രായപ്രക ടനം. | ഒന്നാം ഉപഖണ്ഡം മുതൽ മൂന്നാം ഉപഖണ്ഡം വരെ പിഴയോ മൂന്നു വർഷം വരെ നീളുന്ന കഠിനതടവോ അല്ലെങ്കിൽ രണ്ടും കൂടിയോ, നാലാം ഉപഖണ്ഡ ത്തിലെ ഏതെങ്കിലും വിശദീകരണത്തിന് പിഴയോ ഒരു വർഷം വരെ നീളുന്ന കഠിനതടവോ അല്ലെങ്കിൽ രണ്ടുംകൂടിയോ. |
| **354B വകുപ്പ്**<br>സ്ത്രീയെ വസ്ത്രാക്ഷേപം ചെയ്യാൻ ഉദ്ദേശിച്ചുള്ള ക്രിമി നൽ ബലപ്രയോഗമോ ആക്രമണമോ. | പിഴയോടുകൂടിയ എഴുവർഷംവരെ നീളാവുന്ന തും,മൂന്നുവർഷത്തിൽ കുറയാത്തതുമായ തടവ്. |
| **354C വകുപ്പ്**<br>ഒളിനോട്ടം - സാധാരണയായി താൻ നിരീക്ഷിക്കപ്പെടു ന്നില്ല എന്ന ഉത്തമ പ്രതീക്ഷയിൽ സ്വകാര്യ പ്രവർത്തി യിൽ ഏർപ്പെടുന്ന സാഹചര്യത്തിൽ ഒരു സ്ത്രീയുടെ ചിത്രം എടുക്കുകയോ അവളെ നിരീക്ഷിക്കുകയോ ചെയ്യുന്ന പുരുഷന്റെ കുറ്റം. | ആദ്യ ശിക്ഷാവിധി - മൂന്നുവർഷംവരെ നീളാവുന്ന പിഴയോടുകൂടിയ ഒരു വർഷത്തെ തടവ്.<br>രണ്ടാമത്തെ ശിക്ഷാവിധി - പിഴയോടുകൂടിയ ഏഴു വർഷം വരെ നീളാവുന്ന മൂന്നുവർഷത്തെ തടവ്. |
| **354D വകുപ്പ്**<br>(i) ഒരു സ്ത്രീയെ അവൾക്കു താല്പര്യമില്ലെന്ന് വ്യക്ത മായ സൂചന കിട്ടിയിട്ടും വ്യക്തിപരമായ ബന്ധം വർദ്ധി പ്പിക്കുവാൻ നിരന്തരം പിന്തുടരുകയോ അവളുമായി സമ്പർക്കം നടത്താൻ ശ്രമിക്കുകയോ ചെയ്യുന്ന ഒരു പുരുഷൻ പതുങ്ങിയിരുന്ന് കുറ്റം ചെയ്യുന്നു (ii) ഒരു സ്ത്രീയുടെ ഇന്റർനെറ്റ്, ഇ-മെയിൽ അല്ലെങ്കിൽ ഏതെങ്കിലും രീതിയിലുള്ള ആശയവിനിമയ ഉപ യോഗം ക്രമമായി നിരീക്ഷിക്കുക. | ആദ്യ ശിക്ഷാവിധി - മൂന്നു വർഷവരെ നീളാവുന്ന പിഴയോടുകൂടിയ തടവ്.<br>രണ്ടാമത്തെ ശിക്ഷാവിധി - പിഴയോടുകൂടിയ അഞ്ചുവർഷം വരെ നീളാവുന്ന തടവ്. |
| **370 വകുപ്പ്**<br>ഒരാൾ ആദ്യമായി ഭീഷണി, രണ്ടാമതായി സമ്മർദ്ദം, ബല പ്രയോഗം എന്നിവയിലൂടെയോ മൂന്നാമതായി തട്ടി ക്കൊണ്ടുപോകൽ, നാലാമതായി ചതി, അധികാര ദുർവിനിയോഗം, ആറാമതായി പ്രലോഭനം എന്നിവയി ലൂടെ മറ്റൊരാളെ നിയമിക്കുകയോ. കടത്തുകയോ. പാർപ്പിക്കുകയോ. കൈമാറ്റം ചെയ്യുകയോ, സ്വീകരി ക്കുകയോ ചെയ്ത് ഒരാളെ ചൂഷണം ചെയ്യുമ്പോൾ അയാൾ മനുഷ്യകടത്ത് എന്ന കുറ്റം നടത്തുന്നു. ലൈംഗീക ചൂഷണവും ചൂഷണത്തിൽ ഉൾപ്പെടുന്നു. | 370(4), 370(5), 370(6) എന്നീ വകുപ്പുകൾ പ്രായ പൂർത്തിയാകാത്തവരെ അവിഹിത വ്യാപാരത്തിന് ഏർപ്പെടുത്തുന്നതിനെ കുറിച്ച് പരാമർശിച്ചിരിക്കു ന്നു. പിഴയും, ജീവപര്യന്തം വരെ നീളാവുന്നതും എന്നാൽ പത്ത് വർഷത്തിൽ കുറയാത്തതുമായ കഠിന തടവുമാണ് ഈ കുറ്റത്തിന്റെ ശിക്ഷ. |
| **370A വകുപ്പ്**<br>ഒരാൾ അറിഞ്ഞുകൊണ്ടോ, വിശ്വസിക്കാവുന്ന കാരണ ത്താലോ അവിഹിത വ്യാപാരത്തിന് വിധേയമായ പ്രായ പൂർത്തി ആകാത്ത ഒരാളെ ലൈംഗിക പരമായി ചൂഷ ണത്തിന് വിധേയമാക്കുമ്പോൾ അത് അവിഹിത വ്യാപാരത്തിന് വിധേയമായ ഒരാളെ ചൂഷണം ചെയ്തു എന്ന കുറ്റമാകുന്നു. | പിഴയോടുകൂടിയതുമായ ഏഴു വർഷം വരെ നീളാവു ന്നതും, എന്നാൽ അഞ്ചു വർഷത്തിൽ കുറയാത്തതു മായ കഠിനതടവ്. |

**375 – ാം വകുപ്പ്**

ഒരാൾ –

(a) അയാളുടെ ലിംഗം, ഏത്ര വ്യാപ്തിയിലും, ഒരു സ്ത്രീയുടെ യോനി, വായ, മൂത്രദ്വാരം, മലദ്വാരം എന്നിവയിലേക്ക് തള്ളിക്കയറ്റുകയോ, അയാളുമായോ, മറ്റൊരാളുമായോ ഇക്കാര്യത്തിന് പ്രേരിപ്പിക്കുകയോ ചെയ്യുകയോ

(b) ലിംഗം അല്ലാത്ത ഏതെങ്കിലും വസ്തുവോ, ശരീരഭാഗമോ, എത്ര വ്യാപ്തിയിലും, ഒരു സ്ത്രീയുടെ യോനി, വായ, മൂത്രദ്വാരം, മലദ്വാരം എന്നിവയുടെ അകത്തേക്ക് പ്രവേശിപ്പിക്കുകയോ അയാളുമായോ മറ്റൊരാളുമായോ ഇക്കാര്യത്തിന് പ്രേരിപ്പിക്കുകയോ ചെയ്യുകയോ.

(c) അവിഹിതമായി ഒരു സ്ത്രീയുടെ ശരീരഭാഗം, അതായത് അവളുടെ യോനി, വായ, മൂത്രദ്വാരം, മലദ്വാരം എന്നിവ അയാളുടേയോ മറ്റൊരാളുടേയോ ലിംഗം തള്ളിക്കയറ്റാൻ അതിന് പ്രേരിപ്പിക്കുകയോ,

(d) അയാളുടെ വായ, അവളുടെ യോനി, മൂത്രദ്വാരം, മലദ്വാരം എന്നിവയിലേക്ക് ചേർത്തു വയ്ക്കുകയോ, അവളെ അങ്ങിനെ ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഇപ്പറഞ്ഞിരിക്കുന്ന ഏഴു വിശദീകരണത്തിൽപ്പെട്ട സാഹചര്യങ്ങളിൽ അയാൾ ബലാൽക്കാരം എന്ന കുറ്റം ചെയ്തതായി കണക്കാക്കുന്നു.

ആദ്യമായി – അവളുടെ ഇംഗിതത്തിനെതിരായി; രണ്ടാമതായി – അവളുടെ സമ്മതമില്ലാതെ; മൂന്നാമതായി – അവളെയോ അവൾക്കു താല്പര്യമുള്ള ആരെയെങ്കിലുമോ ഉപദ്രവിക്കുമെന്നോ ഭയപ്പെടുത്തി നേടിയ അവളുടെ സമ്മതത്തോടു കൂടി; നാലാമതായി – അവളുടെ ഭർത്താവല്ലെന്നു അറിഞ്ഞുകൊണ്ട് ലഭിച്ച സമ്മതത്തോട് കൂടിയോ; അഞ്ചാമതായി – അവളുടെ സമ്മതത്തോടു കൂടി, എന്നാൽ ആ സമ്മതം ലഭിക്കുമ്പോൾ മനസ്സിന് ബുദ്ധിസ്ഥിരത ഇല്ലാത്തപ്പോഴോ അയാളോ ജാമ്യക്കാരനായ മറ്റൊരാളോ സുഖകരമല്ലാത്ത വസ്തുവിലൂടെ ലഹരിക്കടിമപ്പെടുത്തിയിരിക്കുമ്പോഴോ നേടിയ സമ്മതത്തിലൂടെയോ, കൂടാതെ അതിന്റെ പരിണതഫലം എന്തെന്ന് മനസ്സിലാക്കാതെയോ നൽകിയ സമ്മതമോ; ആറാമതായി – അവൾക്കു പതിനെട്ടു വയസ്സ് ആകുന്നതിനു മുമ്പ് അവളുടെ സമ്മതത്തോടു കൂടിയോ ഇല്ലാതെയോ; ഏഴാമതായി – അവളുടെ സമ്മതം അവൾക്കു അറിയിക്കാൻ കഴിയാത്തപ്പോഴോ.

**വിശദീകരണം 1** – ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി യോനി എന്നാൽ ലാബിയമജോരയും ഉൾപ്പെടുന്നു.

**വിശദീകരണം 2** – സമ്മതം എന്നാൽ ഒരു സ്ത്രീ വാക്കാലോ ആംഗ്യത്തിലൂടെയോ അല്ലെങ്കിൽ ഏതെങ്കിലും രൂപത്തിലുള്ള രേഖാ മൂലമോ അല്ലാതെയോ പ്രത്യേകമായോ ലൈംഗിക പ്രവൃത്തി നടത്തുന്നതിനു പ്രേരണ ഇല്ലാതെ വ്യക്തമായ യോജിപ്പ് അറിയിക്കുക എന്നാണർത്ഥം.

എന്നിരുന്നാലും, തള്ളിക്കയറ്റം എന്ന പ്രവർത്തി ശാരീരികമായി എതിർക്കാതിരുന്ന ഒരു സ്ത്രീ ആ വസ്തുതയുടെ കാരണം കൊണ്ട് മാത്രം ലൈംഗികമായ പ്രവർത്തിക്ക് സമ്മതം നൽകി എന്ന് കരുതാൻ ആകില്ല.

**ഒഴിവാക്കൽ 1** – ഒരു വൈദ്യ പരിശോധനയോ, ഇടപെടലോ ബലാൽക്കാരം ആകുന്നില്ല.

**ഒഴിവാക്കൽ 2** – സ്വന്തം ഭാര്യയുമായി, ഭാര്യ 15 വയസ്സിനു താഴെ അല്ലാതിരിക്കെ, ഒരാൾ നടത്തുന്ന ലൈംഗിക പ്രവർത്തിയോ, അല്ലെങ്കിൽ ലൈംഗിക വേഴ്ചയോ, ബലാൽക്കാരം അല്ല.

